15
2022
ഫെബ്രുവരി
ചൊവ്വ
കുംഭം 4

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 239 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-239 പേജ് 4. വില 2.00 രൂപ




02 ജനവാസമേഖലയിലെ കിണറ്റിൽ കടുവയും പാമ്പും ചത്തനിലയിൽ

03 തദ്ദേശ സ്വയംഭരണ ദിനാഘോഷം 19ന് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

04 ഡിജിറ്റൽ പഠനം ഡിജിറ്റൽ വിഭജനത്തിലേക്ക് നയിക്കരുത്: ഉപരാഷ്ട്രപതി

# എല്ലാ റേഷൻ കടകളിലും വാതിൽപ്പടി വിതരണം



എല്ലാ മാസവും പത്താം തീയതിക്കകം റേഷൻ സാധനങ്ങൾ സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും വാതിൽപ്പടി വിതരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമെന്ന് ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി ജി.ആർ അനിൽ പറഞ്ഞു. കേരളത്തിലെ റേഷൻ വ്യാപാര രംഗത്തെ വിവിധ വിഷയങ്ങൾ സംബന്ധിച്ച് റേഷൻ വ്യാപാരികളുടെ സംഘടനകളുമായി നടത്തിയ ചർച്ചയിലാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്. റേഷൻ വ്യാപാരികൾ സർക്കാരിലേക്ക് അടയ്ക്കേണ്ട റേഷൻ സാധനങ്ങളുടെ തുക വ്യാപാരികളുടെ കമ്മിഷനിൽ നിന്നും തട്ടിക്കിഴിക്കുന്ന പദ്ധതി നടപ്പിലാക്കുമെന്ന് മന്ത്രി പറഞ്ഞു. ഈ പദ്ധതിയിലൂടെ മാസത്തിന്റെ ആദ്യ ദിവസങ്ങളിൽ റേഷൻ കടകളിൽ റേഷൻ സാധനങ്ങൾ ലഭ്യമാക്കാൻ കഴിയും. റേഷൻ വ്യാപാരികളുടെ ക്ഷേമനിധിയിൽ സർക്കാർ വിഹിതം ഏർപ്പെടുത്തണമെന്ന വ്യാപാരികളുടെ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് മന്ത്രി അറിയിച്ചു. റേഷൻ സാധനങ്ങൾ കൃത്യായ അളവിലും തൂക്കത്തിലും എഫ്.സി.ഐയുടെയും എൻ.എഫ്.എസ്.എയുടെയും ഗോഡൗൺ വഴി വാതിൽപ്പടി വിതരണം നടത്തും. റേഷൻ കടകളിലെ ഇപോസ് മെഷീനെ ത്രാസ്സുമായി ബന്ധിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കും. ഗ്രാമീണ മേഖലയിലെ റേഷൻ കടകൾക്ക് മുൻഗണന നൽകിക്കൊണ്ട് ആയിരം റേഷൻ കടകളെ സ്മാർട്ട് കടകളാക്കി മാറ്റുന്ന പദ്ധതി നടപ്പിലാക്കും. റേഷൻ കടകൾ അനുവദിക്കുമ്പോൾ സെയിൽസ്മാൻമാർക്ക് മുൻഗണന ലഭിക്കുന്ന തരത്തിൽ റേഷൻ നിയമത്തിൽ മാറ്റങ്ങൾ വരുത്തും. ഓരോ റേഷൻ വ്യാപാരിക്കും അതാത് റേഷൻ കട സ്ഥിതി ചെയ്യുന്ന പ്രദേശത്ത് ഏറ്റവും കൂടുതൽ നെറ്റ്‌വർക്കുള്ള കമ്പനികളുടെ സിംകാർഡ് ഉപയോഗിക്കുന്നതിന് അനുമതി നൽകും. റേഷൻ വ്യാപാരികൾക്ക് ഏർപ്പെടുത്തിയ ഇൻഷുറൻസ് പദ്ധതി പ്രകാരം കോവിഡ് ബാധിച്ച് മരണപ്പെട്ട റേഷൻ വ്യാപാരികളുടെ അനന്തരാവകാശികൾക്ക് ഇൻഷുറൻസ് തുക വേഗത്തിലാക്കാൻ നടപടികൾ സ്വീകരിക്കുമെന്ന് മന്ത്രി അറിയിച്ചു. ഇതിന് റേഷൻ വ്യാപാരികളുടെ സംഘടനകളുടെ സഹകരണം മന്ത്രി അഭ്യർത്ഥിച്ചു.

റേഷൻ കടകളിലൂടെ മണ്ണെണ്ണ ഉൾപ്പെടെയുള്ള സാധനങ്ങൾ വാതിൽപ്പടി വഴി വിതരണം സാധ്യമാക്കണമെന്ന വ്യാപാരികളുടെ ആവശ്യം നടപ്പിലാക്കുന്നതിന് സർക്കാർ സന്നദ്ധമാണെന്ന് മന്ത്രി പറഞ്ഞു.

ഹജ്ജ് തീർത്ഥാടനത്തിനായി പോകുന്ന വ്യാപാരികൾക്ക് മൂന്നു മാസം വരെ നിയമപരമായ അവധി അനുവദിക്കണമെന്ന സംഘടനാനേതാക്കളുടെ ആവശ്യം പരിഗണിക്കാമെന്ന് മന്ത്രി അറിയിച്ചു. അതുപോലെ റേഷൻ വ്യാപാരികൾക്ക് വേതന പാക്കേജ് നടപ്പിലാക്കുമ്പോൾ എല്ലാ വ്യാപാരികൾക്കും മിനിമം വേജസ് ഉറപ്പാക്കണമെന്ന് സംഘടനാ നേതാക്കൾ ആവശ്യപ്പെട്ടു. പൊതുവിതരണ രംഗത്ത് നടപ്പിലാക്കുന്ന എല്ലാ പ്രവർത്തനങ്ങൾക്കും റേഷൻ വ്യാപാരികളുടെ പിന്തുണയും സഹകരണവും ഉണ്ടാകുമെന്ന് നേതാക്കൾ മന്ത്രിക്ക് ഉറപ്പു നൽകി.

യോഗത്തിൽ സിവിൽ സപ്ലൈസ് ഡയറക്ടർ സജിത് ബാബു, സിവിൽ സപ്ലൈസ് മാനേജിംഗ് ഡയറക്ടർ സഞ്ജീവ് കുമാർ പട്ജോഷി തുടങ്ങിയവർ പങ്കെടുത്തു.

## കാവി കണ്ണിന് കുളിർമയേകുന്ന നിറം, പച്ച മുസ്‌ലിംകളുടെ നിറമല്ല: ഗവർണർ



തിരുവനന്തപുരം: കാവി നിറം തനിക്ക് കണ്ണിന് കുളിർമയേകുന്നതാണെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. പച്ച ഒരിക്കലും മുസ്‌ലിംകളുടെ നിറമല്ല. അത് സമൃദ്ധിയുടെ നിറമാണ്. താൻ സംസാരിക്കുന്നത് ഖുറാൻ അടിസ്ഥാനമാക്കിയാണെന്നും എന്നാൽ തന്നെ ഇസ്ലാം വിരുദ്ധനാക്കാനാണ് ചിലരുടെ ശ്രമമെന്നും ഒരു സ്വകാര്യ ചാനലിന് നൽകിയ അഭിമുഖത്തിൽ ഗവർണർ പറഞ്ഞു.

ഏക സിവിൽകോഡിനെ അനുകൂലിക്കുമെന്നും ഗവർണർ പറഞ്ഞു. ഏക സിവിൽകോഡ് ആരുടെയും അവകാശവും സ്വത്വവും ഹനിക്കാനല്ല. വിവാഹനിയമങ്ങൾ എല്ലാ വിഭാഗത്തിനും ഏകീകരിക്കപ്പെടും. മുസ്‌ലിം വിവാഹങ്ങളിൽ എത്ര പേർ കൃത്യമായി വധുവിന് മെഹർ കൊടുക്കുന്നുണ്ട്. ഹിജാബ് നിരോധനത്തിനെതിരായ പ്രതിഷേധങ്ങളിൽ ഗൂഢാലോചനയുണ്ടെന്നും ഗവർണർ പറഞ്ഞു.

## ബിജെപി സംസ്ഥാന സമിതി അംഗം ഗവർണറുടെ പിഎ; സർക്കാർ ഉത്തരവിറങ്ങി

തിരുവനന്തപുരം: ഗവർണർ ആരിഫ് മുഹമ്മദ് ഖാൻറെ പിഎ ആയി ബിജെപി സംസ്ഥാന സമിതി അംഗം ഹരി എസ്. കർത്തായെ നിയമിച്ചു. രാജ്ഭവൻറെ ശിപാർശ അംഗീകരിച്ചാണ് സംസ്ഥാന സർക്കാർ ഉത്തരവിറക്കിയത്.

കർത്തായുടെ നിയമനത്തിനെതിരെ നേരത്തെ പ്രതിപക്ഷനേതാവ് വിമർശനം ഉന്നയിച്ചിരുന്നു. സർക്കാറും ഗവർണറും തമ്മിലുള്ള ഒത്ത് തീർപ്പിൻറെ ഭാഗമാണ് നിയമനമെന്ന ആക്ഷേപമാണ് വി.ഡി. സതീശൻ ഉന്നയിച്ചത്.

അതേസമയം, രാജ്ഭവൻ ശിപാർശ നൽകിയാൽ തള്ളിക്കളയാൻ അധികാരമില്ലെന്ന വാദമാണ് സർക്കാർ വിശദീകരിക്കുന്നത്. ഗവർണറെ അതൃപ്തി അറിയിച്ചുകൊണ്ടാണ് സർക്കാർ നിയമന ഉത്തരവിറക്കിയത്.

## അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിൽ നിർണായക ചുവടുവയ്പ്പാകും: മന്ത്രി വീണാ ജോർജ്

തിരുവനന്തപുരം: കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടക്കുന്ന കോട്ടയം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് സന്ദർശിച്ചു. മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ട് ഡോ. ജയകുമാർ, കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തുന്ന രോഗിയുടെ ബന്ധുക്കൾ എന്നിവരുമായി മന്ത്രി ആശയ വിനിമയം നടത്തി.

അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിൽ നിർണായക ചുവടുവയ്പ്പാകും ഈ ശസ്ത്രക്രിയയെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. കരളിലേക്കുള്ള രക്തപ്രവാഹം ആരംഭിച്ചിട്ടുണ്ട്. ദാതാവും സുഖമായിരിക്കുന്നു. ഇവരുടെ ശസ്ത്രക്രിയ സൗജന്യമായാണ് ചെയ്യുന്നത്. ആരോഗ്യ മേഖലയിൽ ഇതൊരു വലിയ നേട്ടത്തിന് വഴിതെളിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

തൃശൂർ സ്വദേശിയ്ക്കാണ് കരൾ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ നടത്തുന്നത്. അദ്ദേഹത്തിന്റെ ഭാര്യയാണ് കരൾ പകുത്ത് നൽകുന്നത്. രാവിലെ 7 മണിക്കു മുൻപു തന്നെ കരൾ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയയുടെ നടപടികൾ ആരംഭിച്ചിരുന്നു. അർദ്ധരാത്രിയോടെ ശസ്ത്രക്രിയ പൂർത്തിയാകും.

കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് സജ്ജീകരണങ്ങളൊരുക്കുന്നതിനായി മന്ത്രിയുടെ നേതൃത്വത്തിൽ പല തവണ യോഗം ചേർന്നിരുന്നു. കൂടാതെ ഇന്നലെ വൈകുന്നേരം ഡോ. ജയകുമാറുമായും ഗ്യാസ്ട്രോഎൻട്രോളജി വിഭാഗം ഡോ. സിന്ധുവുമായും നേരിട്ട് മന്ത്രി ആശയ വിനിമയം നടത്തി അവസാനഘട്ട ക്രമീകരണങ്ങൾ വിലയിരുത്തിയിരുന്നു.

അതേസമയം, മാനസികാരോഗ്യ കേന്ദ്രങ്ങളിലെ അടുത്തിടെയുണ്ടായ സംഭവങ്ങൾ അന്വേഷിക്കാൻ ആരോഗ്യമന്ത്രി വീണാ ജോർജ് ഉത്തരവിട്ടു. മാനസികാരോഗ്യത്തിൻറെ ചുമതലയുള്ള ആരോഗ്യ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറായിരിക്കും അന്വേഷണം നടത്തുക.

നേരത്തെയുണ്ടായ സംഭവങ്ങളിൽ ആരോഗ്യ വകുപ്പ് അന്വേഷണം നടത്തിവരികയാണ്. മാനസികാരോഗ്യ കേന്ദ്രങ്ങളിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ മന്ത്രി വീണാ ജോർജിൻറെ നേതൃത്വത്തിൽ അടിയന്തര യോഗം ചേർന്നിരുന്നു. മാനസികാരോഗ്യ കേന്ദ്രങ്ങളെ ആധുനികവത്ക്കരിക്കുക, അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, രോഗീസൗഹൃദമാക്കുക തുടങ്ങിയവ സംബന്ധിച്ച് പ്രത്യേക സമിതിയെ വച്ച് പഠനം നടത്തി ശിപാർശ സമർപ്പിക്കുവാൻ മന്ത്രി ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദേശം നൽകി.



ഡോ. ജയകുമാറുമായും ഗ്യാസ്ട്രോഎൻട്രോളജി വിഭാഗം ഡോ. സിന്ധുവുമായും നേരിട്ട് മന്ത്രി ആശയ വിനിമയം നടത്തി അവസാനഘട്ട ക്രമീകരണങ്ങൾ വിലയിരുത്തുന്നു.

## വിദ്യാർഥികൾ സ്കൂളിൽ നിർബന്ധമായി എത്തണമെന്ന് തിട്ടൂരമില്ല: മന്ത്രി വി.ശിവൻകുട്ടി

തിരുവനന്തപുരം: സംസ്ഥാനത്ത് 21ാം തീയതി മുതൽ എല്ലാ കുട്ടികളും നിർബന്ധമായും സ്കൂളിൽ എത്തണമെന്ന് സർക്കാർ തിട്ടൂരം ഇറക്കിയിട്ടില്ലെന്ന് വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി. എല്ലാ കുട്ടികളും സ്കൂളിൽ വരുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ശിവൻകുട്ടി പറഞ്ഞു.

21 മുതൽ സ്കൂളുകൾ സാധാരണ നിലയിൽ പ്രവർത്തിക്കും. ഇന്ന് സ്കൂളുകൾ തുറന്നപ്പോൾ നല്ല രീതിയിലുള്ള പങ്കാളിത്തമുണ്ടെന്ന് അറിയാൻ കഴിഞ്ഞു. സമയബന്ധിതമായി ക്ലാസുകൾ പൂർത്തിയാക്കി കൃത്യസമയത്ത് തന്നെ പരീക്ഷ നടത്തും.

ആദ്യ ദിവസങ്ങളിൽ കുട്ടികളുടെ കുറവുണ്ടായേക്കാം. രണ്ട് മൂന്ന് ദിവസങ്ങൾക്കുള്ളിൽ എല്ലാ കുട്ടികളും സ്കൂളിലെത്തുന്ന സാഹചര്യമുണ്ടാകുമെന്നും മന്ത്രി വ്യക്തമാക്കി. ചില അധ്യാപക സംഘടനകളുടെ അനാവശ്യമായ പ്രസ്താവനകൾക്ക് മറുപടി പറയുന്നില്ലെന്നും മന്ത്രി കൂട്ടിച്ചേർത്തു.



## പിഎസ്എൽവി സി52 വിക്ഷേപിച്ചു; ഈ വർഷത്തെ ആദ്യ ഉപഗ്രഹ വിക്ഷേപണ ദൗത്യം

ചെന്നൈ : മലയാളിയായ എസ്.സോമനാഥ് ഐഎസ്ആർഒ ചെയർമാനായി ചുമതലയേറ്റ ശേഷമുള്ള ആദ്യ ബഹിരാകാശ ദൗത്യം പിഎസ്എൽവി സി52 തിങ്കളാഴ്ച പുലർച്ചെ 05.59ന് വിക്ഷേപിച്ചു. ഐഎസ്ആർഒയുടെ ഈ വർഷത്തെ ആദ്യ ഉപഗ്രഹ വിക്ഷേപണ ദൗത്യം കൂടിയാണിത്.

ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽനിന്നാണ് പിഎസ്എൽവി സി 52 വിക്ഷേപിച്ചത്. ഭൗമ നിരീക്ഷണ ഉപഗ്രഹമായ ഇഒഎസ് 04, ഇൻസ്പയർസാറ്റ് 1, ഇന്ത്യ ഭൂട്ടാൻ സംയുക്ത സംരംഭമായ ഐഎൻഎസ് 2 ടിഡി എന്നീ ഉപഗ്രഹങ്ങൾ ദൗത്യത്തിന്റെ ഭാഗമായി ബഹിരാകാശത്തെത്തും.

ദൗത്യത്തിലെ പ്രധാന ഉപഗ്രഹമായ ഇഒഎസ് 04, 529 കിലോമീറ്റർ അകലെയുള്ള ഭ്രമണപഥത്തിലാണ് എത്തുക. 1170 കിലോഗ്രാം ഭാരമുള്ള റഡാർഇമേജിങ് ഉപഗ്രഹമായ ഇത് കൃഷി, വനം, തോട്ടങ്ങൾ, വെള്ളപ്പൊക്ക മാപ്പിങ് തുടങ്ങിയവയ്ക്കായി ഉയർന്ന നിലവാരമുള്ള ചിത്രങ്ങൾ നൽകാൻ ശേഷിയുള്ളതാണ്. ഇൻസ്പയർസാറ്റ്

1 തിരുവനന്തപുരം വലിയമല ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് ആൻഡ് സയൻസ് ടെക്നോളജി (ഐഐഎസ്ടി) വിദ്യാർഥികൾ വികസിപ്പിച്ചതാണ്.

## സംസ്ഥാനത്ത് ഇന്ന് 8989 പേർക്ക് കോവിഡ്

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്ന് 8989 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു. എറണാകുളം 1608, തിരുവനന്തപുരം 1240, കൊല്ലം 879, കോഴിക്കോട് 828, കോട്ടയം 743, തൃശൂർ 625, കണ്ണൂർ 562, ആലപ്പുഴ 558, മലപ്പുറം 443, ഇടുക്കി 412, പാലക്കാട് 386, പത്തനംതിട്ട 330, വയനാട് 205, കാസർഗോഡ് 170 എന്നിങ്ങനേയാണ് ജില്ലകളിൽ ഇന്ന് രോഗബാധ സ്ഥിരീകരിച്ചത്.

കഴിഞ്ഞ 24 മണിക്കൂറിനിടെ 58,090 സാമ്പിളുകളാണ് പരിശോധിച്ചത്. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 2,84,183 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 2,78,244 പേർ വീട്/ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറൻറൈനിലും 5,939 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 845 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

നിലവിൽ 1,44,384 കോവിഡ് കേസുകളിൽ, 4.3 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്. കഴിഞ്ഞ 24 മണിക്കൂറിനിടെ 25 മരണങ്ങളാണ് കോവിഡ്19 മൂലമാണെന്ന് സ്ഥിരീകരിച്ചത്. ഇതുകൂടാതെ മുൻ ദിവസങ്ങളിൽ മരണപ്പെടുകയും എന്നാൽ രേഖകൾ വൈകി ലഭിച്ചത് കൊണ്ടുള്ള 92 മരണങ്ങളും സുപ്രീം കോടതി വിധിപ്രകാരം കേന്ദ്രസർക്കാരിൻറെ പുതിയ മാർഗനിർദേശമനുസരിച്ച് അപ്പീൽ നൽകിയ 61 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതോടെ സംസ്ഥാനത്തെ ആകെ മരണം 62,377 ആയി.

ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 30 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 8,281 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 603 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 75 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.

രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 24,757 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 4565, കൊല്ലം 1466, പത്തനംതിട്ട 585, ആലപ്പുഴ 1650, കോട്ടയം 2694, ഇടുക്കി 1436, എറണാകുളം 3056, തൃശൂർ 2604, പാലക്കാട് 1213, മലപ്പുറം 1586, കോഴിക്കോട് 1591, വയനാട് 807, കണ്ണൂർ 1031, കാസർഗോഡ് 473 എന്നിങ്ങനേയാണ് രോഗമുക്തിയായത്. ഇതോടെ 1,44,384 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 62,08,837 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.



ലൈഫ് മിഷൻ മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിന്റെ ഭാഗമായി മൂന്ന് കുടുംബങ്ങൾക്ക് സൗജന്യമായി ഭൂമി നൽകിയ രാജേന്ദ്രൻപിള്ളയെ ജില്ലാകലക്ടർ അഫ്സാനാ പർവീൺ ആദരിക്കുന്നു.

# തദ്ദേശ ഉപതെരഞ്ഞെടുപ്പ് , കരട് വോട്ടർ പട്ടിക നാളെ

കൊല്ലം : ജില്ലയിലെ തദ്ദേശ വാർഡുകളിലെ ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കരട് വോട്ടർ പട്ടിക നാളെ (ഫെബ്രുവരി 16) പ്രസിദ്ധീകരിക്കും. പട്ടിക സംബന്ധിച്ച അപേക്ഷകളും ആക്ഷേപങ്ങളും മാർച്ച് മൂന്നിന് വൈകുന്നേരം അഞ്ച് മണി വരെ സ്വീകരിക്കും. അന്തിമ വോട്ടർ പട്ടിക മാർച്ച് 16ന് പ്രസിദ്ധീകരിക്കും.

ഇതുസംബന്ധിച്ച യോഗം തിരഞ്ഞെടുപ്പ് വിഭാഗം ഡെപ്യൂട്ടി കലക്ടർ പി. ആർ ഗോപാലകൃഷ്ണന്റെ അധ്യക്ഷതയിൽ ചേർന്നു. വോട്ടർപട്ടിക പുതുക്കുന്നത് സംബന്ധിച്ച നടപടിക്രമവും സമയക്രമവും യോഗം ചർച്ചചെയ്തു.

വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിന് 2022 ജനുവരി ഒന്നിനോ അതിന് മുൻപോ 18 വയസ് തികഞ്ഞിരിക്കണം. പേര് ചേർക്കുന്നതിനുള്ള അപേക്ഷകൾ ०००.ലെ ര.സല്യമഹമ.ഴീ.ശി വെബ് സൈറ്റിൽ ഓൺലൈനായി സമർപ്പിക്കാം.കരട് പട്ടികയിലെ ഉൾക്കുറിപ്പുകളിൽ തിരുത്തലുകളോ സ്ഥാനമാറ്റമോ വരുത്തുന്നതിനുള്ള അപേക്ഷകളും ഓൺലൈനായാണ് നൽകേണ്ടത്. പേര് ഒഴിവാക്കുന്നതിനുള്ള ആക്ഷേപങ്ങൾ നിശ്ചിതഫോറത്തിൽ അതാത് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് നേരിട്ടോ തപാലിലൂടെയോ നൽകണം. കരട് വോട്ടർ പട്ടിക ബന്ധപ്പെട്ട പഞ്ചായത്ത്/ നഗരസഭ ഓഫീസിലും വില്ലേജ് ഓഫീസിലും താലൂക്ക് ഓഫീസിലും കമ്മീഷൻ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കും.

വോട്ടർ പട്ടികയിൽ അനർഹർ ഉൾപ്പെട്ടിട്ടില്ല എന്ന് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ പരിശോധിച്ച് ഉറപ്പു വരുത്തണം. 2020 ലെ പൊതുതിരഞ്ഞെടുപ്പിലോ അതിനുശേഷം നടന്ന ഉപതിരഞ്ഞെടുപ്പിലോ ഉപയോഗിച്ച വോട്ടർപട്ടിക അടിസ്ഥാനമാക്കി വേണം കരട് വോട്ടർ പട്ടിക തയ്യാറാക്കേണ്ടത്. നിലവിലുള്ള വോട്ടർപട്ടികയുടെ അടിസ്ഥാന പട്ടികയും സപ്ലിമെന്ററി പട്ടികളും സംയോജിപ്പിച്ചുകൊണ്ടുള്ള ഏകീകൃത വോട്ടർപട്ടിക കമ്മീഷന്റെ ०००.ഹഴെലഹലര ശേീ.സല്യമഹമ.ഴീ.ശി വെബ്സൈറ്റിൽ ലഭ്യമാണെന്നും ഡെപ്യൂട്ടി കലക്ടർ അറിയിച്ചു.

പോളിംഗ് സ്റ്റേഷനുകൾ, സ്വീകരണ വിതരണ കേന്ദ്രങ്ങൾ, വോട്ടെണ്ണൽ കേന്ദ്രങ്ങൾ എന്നിവ പരിശോധിച്ച് മാറ്റം ആവശ്യമുണ്ടെങ്കിൽ അത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കാൻ വരണാധികാരികൾക്ക് നിർദ്ദേശം നൽകി.

വെളിയം ഗ്രാമപഞ്ചായത്തിലെ കളപ്പില, വെളിനല്ലൂർ ഗ്രാമപഞ്ചായത്തിലെ മുളയറച്ചാൽ, ക്ലാപ്പന ഗ്രാമ പഞ്ചായത്തിലെ ക്ലാപ്പന കിഴക്ക്, പെരിനാട് ഗ്രാമപഞ്ചായത്തിലെ നാന്തിരിക്കൽ, ആര്യങ്കാവിലെ കഴുതുരുട്ടി, ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്തിലെ സംഗമം എന്നിവിടങ്ങളിലാണ് ഉപതിരഞ്ഞെടുപ്പ് നടത്തുന്നത്. കളപ്പില, നാന്തിരിക്കൽ എന്നിവ വനിതാസംവരണ വാർഡുകളാണ്. ഓൺലൈനായി ചേർന്ന യോഗത്തിൽ പഞ്ചായത്ത് സെക്രട്ടറിമാർ, തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## ഇന്ത്യൻ ബഹിരാകാശ ശാസ്ത്രജ്ഞർക്ക് പ്രധാനമന്ത്രിയുടെ അഭിനന്ദനം

ന്യൂഡൽഹി : PSLV C52 ദൗത്യത്തിന്റെ വിജയകരമായ വിക്ഷേപണത്തിൽ ഇന്ത്യൻ ബഹിരാകാശ ശാസ്ത്രജ്ഞരെ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി അഭിനന്ദിച്ചു.

ഒരു ടീറ്റിൽ പ്രധാനമന്ത്രി പറഞ്ഞു;

വിജയകരമായ വിക്ഷേപണത്തിന് നമ്മുടെ ബഹിരാകാശ ശാസ്ത്രജ്ഞർക്ക് അഭിനന്ദനങ്ങൾ. ഉപഗ്രഹത്തിന് എല്ലാ കാലാവസ്ഥയിലും കൃഷി, വനം, തോട്ടങ്ങൾ, മണ്ണിലെ ഈർപ്പം, ജലശാസ്ത്രം, വെള്ളപ്പൊക്ക മാപ്പിംഗ് എന്നിവയുടെ ഏറ്റവും വ്യക്തമായ ചിത്രങ്ങൾ നൽകാൻ കഴിയും.'

## 'സ്പ്രിന്റ്' സെലക്ഷൻ ട്രയൽസ് 21 മുതൽ

സംസ്ഥാന കായിക യുവജനകാര്യാലയം മുഖേന നടപ്പാക്കുന്ന അത്‌ലറ്റിക് പരിശീലന പരിപാടിയായ 'സ്പ്രിന്റ്' ലേക്കുള്ള സെലക്ഷൻ ട്രയൽസ് ഫെബ്രുവരി 21 മുതൽ 28 വരെ നടക്കും. ആദ്യ ഘട്ടമായി പത്തനംതിട്ട, കോട്ടയം, ഇടുക്കി, പാലക്കാട്, കണ്ണൂർ, കാസർകോഡ് ജില്ലകളിലാണ് പദ്ധതി നടപ്പാക്കുന്നത്. അത്‌ലറ്റിക്സിൽ താത്പര്യമുള്ള അഞ്ചു മുതൽ 12 വരെ വയസ് പ്രായമുള്ള കുട്ടികൾക്ക് പദ്ധതിയിൽ പരിശീലനം നൽകും.

ഫെബ്രുവരി 21ന് പത്തനംതിട്ട കുളനട പഞ്ചായത്ത് എച്ച്.എസ്, 22ന് കോട്ടയം പാലാ ജി.എച്ച്.എസ്.എസ്, 23ന് പാലക്കാട് ചെർപ്പുളശേരി ജി.എച്ച്.എസ്.എസ്, 24ന് കണ്ണൂർ പടിയൂർ ജി.എച്ച്.എസ്.എസ്, 25ന് കാസർകോഡ് ഉദിനൂർ ജി.എച്ച്.എസ്.എസ്, 28ന് ഇടുക്കി പാത്തിക്കുടി തോപ്രാംകുടി ജി.എച്ച്.എസ്.എസ്. എന്നിവിടങ്ങളിലാണു സെലക്ഷൻ ട്രയൽസ് നടക്കുക. വിദ്യാർഥികൾക്ക് വഴി ഓൺലൈനായും അതത് സെന്ററുകളിലും രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് 9746423118, 9526328865.

## പെൻഷൻ അദാലത്ത്

തിരുവനന്തപുരം സൗത്ത് പോസ്റ്റൽ ഡിവിഷനിലെ പോസ്റ്റൽ അദാലത്ത് ഫെബ്രുവരി 22ന് ഉച്ചതിരിഞ്ഞു മൂന്നിന് ഗൂഗിൾ മീറ്റ് വഴി നടത്തും. തിരുവനന്തപുരം സൗത്ത് പോസ്റ്റൽ ഡിവിഷനിലെ പെൻഷൻ/ ഫാമിലി പെൻഷൻ സംബന്ധിച്ച പരാതികൾ അദാലത്തിൽ സമർപ്പിക്കാം. പരാതികൾ ഫെബ്രുവരി 18നകം കിട്ടത്തക്കവിധം ശ്രീ. അജിത് കുര്യൻ, സൂപ്രണ്ട് ഓഫ് പോസ്റ്റ് ഓഫീസ്, തിരുവനന്തപുരം 695023 എന്ന വിലാസത്തിൽ അയയ്ക്കണം. കവറിന് മുകളിൽ 'പെൻഷൻ അദാലത്ത്' എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. കോവിഡ് സാഹചര്യത്തിൽ വെർചൽ ആയാണ് അദാലത്ത് നടത്തുക. പെൻഷണരുടെ മൊബൈൽ ഫൊൺ നമ്പർ ശരിയായി അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കണം.

പോസ്റ്റ് ഓഫീസിലോ ഡിവിഷണൽ തലത്തിലോ മുൻപ് സ്വീകരിച്ച് ഇത് വരെ പരിഹാരം കാണാൻ കഴിയാത്ത പരാതികൾ മാത്രമേ അദാലത്തിന്റെ പരിഗണനയ്ക്കായി സ്വീകരിക്കുകയുള്ളൂ. പെൻഷനെ സംബന്ധിക്കുന്ന സാധാരണ പരാതികളും ആദ്യമായി സമർപ്പിക്കുന്ന സാധാരണപരാതികളും അദാലത്തിൽ പരിഗണിക്കുന്നതല്ല. അത്തരം പരാതികൾ വ്യവസ്ഥാപിതമായമാർഗത്തിൽ പരിഗണിക്കും.

# പുതിയ തലമുറ വിവാഹജീവിതത്തെ ഗൗരവത്തോടെ കാണണം: വനിതാ കമ്മീഷൻ

വിവാഹജീവിതത്തെ പുതിയ തലമുറ കൂടുതൽ ഗൗരവത്തോടെ കാണണമെന്ന് സംസ്ഥാന വനിതാ കമ്മീഷൻ. ആശ്രാമം സർക്കാർ അതിഥി മന്ദിരത്തിൽ നടന്ന അദാലത്തിലാണ് കമ്മീഷന്റെ പരാമർശം. കമ്മീഷൻ അംഗങ്ങളായ ഷാഹിദാ കമാൽ, എം. എസ് താര, കൗൺസിലർ സിസ്റ്റർ സംഗീത തുടങ്ങിയവരാണ് അദാലത്തിൽ പങ്കെടുത്തത്.

വിവാഹം കഴിഞ്ഞ് ചുരുങ്ങിയ കാലയളവിൽ തന്നെ ദാമ്പത്യ പ്രശ്നങ്ങൾ ഉണ്ടാകുന്നെന്ന പരാതിയുമായി നിരവധി സ്ത്രീകളാണ് കമ്മീഷനെ സമീപിക്കുന്നത്. വ്യത്യസ്ത സാഹചര്യങ്ങളിൽ നിന്ന് വരുന്നവരാണെന്ന ഉത്തമ ബോധ്യം ഇരു കൂട്ടർക്കും ഉണ്ടാകണം. സാഹചര്യങ്ങളെ മനസിലാക്കി ഒരുമിച്ചു മുന്നോട്ട് പോകണമെന്നും കമ്മീഷൻ വ്യക്തമാക്കി.

വസ്തുസംബന്ധമായ തർക്കങ്ങളിൽ നിയമപരമായ സഹായം തേടണം. ഇത്തരം പരാതികളിൽ സ്ത്രീകളെ ഉൾപ്പെടുത്തി കമ്മീഷനെ സമീപിക്കുന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതല്ലെന്നും അഭിപ്രായപ്പെട്ടു.

അദാലത്തിൽ 85 പരാതികൾ പരിഗണിച്ചു. 11 എണ്ണം തീർപ്പാക്കി. 10 പരാതികൾ റിപ്പോർട്ട് തേടുന്നതിനായും 64 എണ്ണം അടുത്ത അദാലത്തിലേക്കും മാറ്റി.

# ഗൃഹനിരീക്ഷണത്തിലുള്ളവർ ജാഗ്രത പാലിക്കണം: ഡി.എം.ഒ

കൊല്ലം : രോഗലക്ഷണങ്ങൾ പ്രകടമല്ലാത്ത ഗൃഹ നിരീക്ഷണത്തിൽ കഴിയുന്ന കോവിഡ് ബാധിതർ ജാഗ്രത പാലിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ബിന്ദു മോഹൻ. രോഗികളുടെ ആരോഗ്യനില മോശം ആയേക്കാം. ഇത്തരം അവസ്ഥകൾ തിരിച്ചറിഞ്ഞ് തൊട്ടടുത്തുള്ള ആരോഗ്യകേന്ദ്രവുമായോ ചികിത്സിക്കുന്ന ഡോക്ടറുമായോ ബന്ധപ്പെട്ട് വിദഗ്ധ ചികിത്സ തേടണം.

കുറയാതെ തുടരുന്ന കടുത്ത പനി, ശ്വാസതടസം, കിതപ്പ്, ബോധം മങ്ങുക, പരിസരബോധമില്ലാതെ പെരുമാറുക, നെഞ്ചുവേദന, അമിതമായ ക്ഷീണം, ഉണർത്താൻ പ്രയാസം, ഏതെങ്കിലും ഒരു കാൽപാദത്തിൽ മാത്രം കാണുന്ന നീർവീക്കം, നിർജലീകരണം, നേരത്തെ മറ്റു രോഗങ്ങൾ ഉണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, നിയന്ത്രിതമല്ലാത്ത പ്രമേഹം, രക്താതിമർദ്ദം, മാനസികസമ്മർദ്ദം, ഓക്സിജൻ സാച്ചുറേഷനുള്ള കുറവ് എന്നിവയാണ് റെഡ് ഫ്ളാഗ് ലക്ഷണങ്ങൾ. 60 വയസ്സിന് മുകളിൽ പ്രായമുള്ളവർ, രക്തസമ്മർദ്ദം, പ്രമേഹം, അർബുദം, എച്ച്.ഐ.വി എയ്ഡ്സ്, കരൾ, വൃക്ക, ഹൃദയസംബന്ധമായ അസുഖങ്ങളുള്ളവർ, അവയവമാറ്റ ശസ്ത്രക്രിയ നടത്തിയവർ, ഗർഭിണികൾ തുടങ്ങിയവർ രോഗലക്ഷണങ്ങൾ ഇല്ലെങ്കിൽ പോലും ഡോക്ടറുടെ അഭിപ്രായമനുസരിച്ച് കാറ്റഗറി അനുസരിച്ചുള്ള ആശുപത്രികളിൽ തുടർ ചികിത്സ തേടേണ്ടതാണ്. കോവിഡ് ബാധിതരായ ഗർഭിണികൾ പ്രത്യേക ശ്രദ്ധ പുലർത്തണമെന്നും ഡി.എം.ഒ അറിയിച്ചു.

# നഴ്സുമാർക്ക് വിദേശ ജോലി ഉറപ്പാക്കാൻ പരിശീലനവുമായി വനിതാ വികസന കോർപ്പറേഷൻ

ആതുര സേവന രംഗത്ത് വിദേശ രാജ്യങ്ങളിലുള്ള അനന്ത സാധ്യതകൾ കേരളത്തിലെ നഴ്സുമാർക്ക് പ്രാപ്യമാക്കുന്നതിനും ജോലി ഉറപ്പാക്കുന്നതിനുമായി സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ പ്രത്യേക നൈപുണ്യ പരിശീലന പദ്ധതിയൊരുക്കുന്നു. അഡ്വാൻസ്ഡ് സ്കിൽ എൻഹാൻസ്മെന്റ് പ്രോഗ്രാം ഫോർ നഴ്സസ്(എ.എസ്.ഇ.പി - എൻ) എന്നു പേരിട്ടിരിക്കുന്ന പരിപാടിയിൽ വൈദ്യ ശുശ്രൂഷാ മേഖലയിലും ഭാഷ, കംപ്യൂട്ടർ പരിജ്ഞാനം, പെരുമാറ്റം തുടങ്ങിയ വിവിധ മേഖലകളിലും പരിശീലനം നൽകി വിദേശ തൊഴിൽ സാധ്യത ഉറപ്പാക്കും.

വനിതാ വികസന കോർപ്പറേഷനും സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റും(സി.എം.ഡി) തൊഴിൽ വകുപ്പിനു കീഴിലുള്ള ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ലോയ്മെന്റ് പ്രോഗ്രാം കൺസൾട്ടന്റ്സ് ലിമിറ്റഡ്(ഒഡെപെകും) സംയുക്തമായാണു പരിപാടി ആവിഷ്കരിച്ചിരിക്കുന്നത്. ആറു മാസത്തെ ജനറൽ നഴ്സിങ് കോഴ്സ് ഉൾപ്പെടുന്ന പദ്ധതിയിൽ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിനുള്ള കഴിവ് വർധിപ്പിക്കുന്നതിനായി ഐ.ഇ.എൽ.ടി.എസ് / ഒ.ഇ.ടി പരീക്ഷകൾ പാസാക്കുന്നതിനുള്ള പാഠഭാഗങ്ങൾ, അടിസ്ഥാന നഴ്സിങ് സ്കില്ലിനു പുറമേ എമർജൻസി ആൻഡ് ക്രിട്ടിക്കൽ കെയർ, ഇൻഫെക്ഷൻ കൺട്രോൾ ആൻഡ് പേഷ്യൻ സേഫ്റ്റി, കംപ്യൂട്ടർ അടിസ്ഥാന വൈദഗ്ധ്യം, പെരുമാറ്റം, സമീപനം എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള സോഫ്റ്റ് സ്കിൽ പരിശീലനം തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഒരു ബാച്ചിൽ 30 പേർക്കു വീതമാണു പ്രവേശനം. സർക്കാർ ധനസഹായത്തോടെ നടത്തുന്ന പരിശീലനത്തിൽ പരമാവധി ഫീസ് ഇളവു ലഭിക്കും. ആറു മാസമാണു പരിശീലന കാലാവധി. 80 ശതമാനം ഹാജരോടെ പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്കു ഫീസ് തിരികെ നൽകും.

പട്ടികജാതി/പട്ടികവർഗ/ ട്രാൻസ്ജെൻഡർ വിഭാഗത്തിന് 100 ശതമാനം ഫീസ് ഇളവു നൽകും. മറ്റു വിഭാഗത്തിലുള്ളവർക്ക് 9,000 രൂപയും ജി.എസ്.ടിയുമായിരിക്കും ഫീസ്. കോഴ്സ് വിജയകരമായി 80 ശതമാനം ഹാജർ പൂർത്തിയാക്കുന്നവർക്ക് 12,000 രൂപ തിരികെ നൽകും.

കോഴ്സ് പൂർത്തിയാക്കി 15 മാസത്തിനകം ഐ.ഇ.എൽ.ടി.എസ് / ഒ.ഇ.ടി പാസാകാത്ത പരിശീലനാർഥികൾക്ക് 6,000 രൂപ തിരികെ നൽകും. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് യു.കെയിലുള്ള ആശുപത്രികളിൽ ഒഡെപെക് മുഖേന ജോലി സാധ്യത ഉറപ്പാക്കിയിട്ടുണ്ട്.

# മൂന്നു കുടുംബങ്ങൾക്ക് ഭൂമി നൽകി രാജേന്ദ്രൻ പിള്ളയ്ക്ക് കലക്ടറുടെ ആദരം

കൊല്ലം : സ്വന്തമായി അടച്ചുറപ്പുള്ള ഒരു കിടപ്പാടം എന്ന സ്വപ്നം പൂർത്തീകരിക്കാൻ മൂന്ന് കുടുംബങ്ങൾക്ക് 13 സെന്റ് ഭൂമി സൗജന്യമായി നൽകി മാതൃകയായ പാവുമ്പ പൊന്നമ്പിൽ രാജേന്ദ്രൻ പിള്ളയെ ജില്ലാ കലക്ടർ അഫ്സാനാ പർവീൺ ആദരിച്ചു. ലൈഫ് പദ്ധതിയുടെ ഭാഗമായ 'മനസ്സോടിത്തിരി മണ്ണ്' എന്ന ക്യാമ്പയിനിന്റെ ഭാഗമായാണ് ഭൂമി നൽകിയത്. തഴവ പഞ്ചായത്ത് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നൽകാനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു.

പാലമൂട് ജംഗ്ഷന് സമീപം വാങ്ങിയ 46 സെന്റിൽ നിന്ന് വീട് നിർമാണത്തിന് മൂന്ന് സെന്റ് വീതവും നാലു സെന്റോളം വഴിക്കുമാണ് രാജേന്ദ്രൻ പിള്ള നൽകിയത്. പാവുമ്പ സ്വദേശികളായ കൃഷ്ണകൃപയിൽ സുധ, പോക്കാട്ട് രശ്മി, മഞ്ചാടിയിൽ സുരേഷ് എന്നിവരുടെ കുടുംബങ്ങൾക്കാണ് ഇതോടെ സ്വന്തമായി ഭൂമിയായത്.

തൊടിയൂർ സർക്കാർ ഹയർ സെക്കൻഡറി സ്കൂളിൽ ബോട്ടണി അദ്ധ്യാപകൻ ആണ് രാജേന്ദ്രൻ പിള്ള. വസ്തു ലഭിച്ചതിൽ രണ്ടുപേർ രാജേന്ദ്രൻപിള്ളയുടെ പൂർവ്വ വിദ്യാർത്ഥികളും ഒരാൾ അയൽവാസിയുമാണ്. കലക്ടറുടെ ചേംബറിൽ നടത്തിയ ചടങ്ങിൽ ലൈഫ് മിഷൻ ജില്ലാ കോർഡിനേറ്റർ ടി. കെ. സയൂജ, എ.ഡി.സി ജനറൽ ആർ. അജയകുമാർ, തഴവ വില്ലേജ് എക്സ്ടെൻഷൻ ഓഫീസർ ചന്ദ്രപ്പൻ, ലൈഫ് മിഷൻ ഉദ്യോഗസ്ഥ പി. രമ്യ തുടങ്ങിയവർ പങ്കെടുത്തു.

## ഫെല്ലോഷിപ്പ് പ്രോഗ്രാമിന് അപേക്ഷിക്കാം

തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ വിവിധ ഫെല്ലോഷിപ്പ് പ്രോഗ്രാമുകളിലേക്ക് അപേക്ഷകൾ ക്ഷണിച്ചു. ഫെല്ലോഷിപ്പ് ഇൻ ഹെഡ് ആൻഡ് നെക്ക് സർജിക്കൽ ഓങ്കോളജി, ഫെല്ലോഷിപ്പ് ഇൻ ഓങ്കോളജിക് ഇമേജിംഗ്, ഫെല്ലോഷിപ്പ് ഇൻ ഓങ്കോസർജിക്കൽ അനസ്തേഷ്യ എന്നിവയിൽ അപേക്ഷിക്കാം. അപേക്ഷ 20 നകം ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക്: www.r-c-c-tvm.gov.in.

# ഐസിഫോസ്സ് ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ്: 2022 ഫെബ്രുവരി 26 വരെ അപേക്ഷിക്കാം

സംസ്ഥാനത്ത് സ്വതന്ത്ര സോഫ്റ്റ്വെയർ ഓൺലൈൻ സംവിധാനം ഉപയോഗിച്ച് കേരളസർക്കാരിന്റെ കീഴിലുള്ള അന്താരാഷ്ട്ര സ്വതന്ത്ര സോഫ്റ്റ്വെയർ കേന്ദ്രം (ഐസിഫോസ്സ്) നടത്തുന്ന ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സുകളിലെ അഞ്ചാമത് ബാച്ചിലേക്ക് അപേക്ഷിക്കാം.

പൈത്തൺ പ്രോഗ്രാമിംഗ് ലാംഗ്വേജ്, മെഷീൻ ലേണിംഗ് എന്നിവയാണ് കോഴ്സുകൾ. മാർച്ച് ഒന്നിന് ക്ലാസ് ആരംഭിക്കും. അധ്യാപകർക്കും വിദ്യാർഥികൾക്കും പ്രൊഫഷണൽസിനും ഒരുപോലെ പ്രയോജനപ്പെടുന്ന കോഴ്സിൽ നേരിട്ട് സംവദിക്കാനാവുന്ന മൂഡിൽ സൗകര്യം ഉപയോഗിച്ചാണ് പഠനം.

ദിവസം രണ്ട് മണിക്കൂർ വീതമായിരിക്കും ക്ലാസ്. പൊതുവായും ഇൻഡസ്ട്രിയിലും ഫലപ്രദമായി പ്രയോഗിക്കാൻ പ്രാപ്തമായ രീതിയിലാണ് പാഠ്യക്രമം തയാറാക്കിയിരിക്കുന്നത്. പരിശീലനത്തിന് ശേഷം ഓൺലൈൻ പരീക്ഷയും പ്രൊജക്ട് അവതരണവും വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകും. എഞ്ചിനീയറിംഗ് ടെക്നോളജി, സയന്റിഫിക് റിസർച്ച് എന്നീ മേഖലകളിൽ സർഗാത്മകതയും പ്രശ്നപരിഹാര കഴിവുകളും വളർത്തിയെടുക്കാൻ സഹായിക്കുന്ന രീതിയിലാണ് കോഴ്സ് ക്രമീകരിച്ചിരിക്കുന്നത്. സായാഹ്ന ബാച്ചുകളും ഒരുക്കിയിട്ടുണ്ട്. കോവിഡിന്റെ ആദ്യഘട്ടങ്ങളിൽ നടത്തിയ കോഴ്സുകളിൽ 1290 ലധികം പേരാണ് പരിശീലനം വിജയകരമായി പൂർത്തിയാക്കിയത്. മറ്റുള്ള ഓൺലൈൻ ക്ലാസുകളിൽ നിന്ന് വ്യത്യസ്തമായി, തത്സമയ വിനിമയത്തിലൂടെയാണ് ക്ലാസുകൾ എടുക്കുന്നത്. വിദ്യാർഥികൾ ഉന്നയിക്കുന്ന സംശയങ്ങൾക്ക് മറുപടി നൽകാൻ വിദഗ്ദ്ധരായ പരിശീലകരുടെ സേവനം എല്ലാ സമയത്തും ലഭ്യമായിരിക്കും. പ്രത്യേകം വൈദഗ്ദ്ധ്യം ലഭിച്ച പരിശീലകരുടെ മേൽനോട്ടത്തിലാണ് പ്രോജക്ടുകൾ തയ്യാറാക്കി സമർപ്പിക്കേണ്ടത്.

ഒരു ബാച്ചിൽ 50 പേർക്ക് പങ്കെടുക്കാം. രജിസ്ട്രേഷൻ അനുസരിച്ച് കൂടുതൽ ബാച്ചുകൾ ക്രമീകരിക്കും. മൂഡിൽ മൊബൈൽ ആപ്ലിക്കേഷനിലൂടെയും പങ്കെടുക്കാം. താൽപര്യമുള്ളവർ വ ttp-s://i-c-fo-ss.in/ev-en-ts എന്ന വെബ്സൈറ്റിലൂടെ 2022 ഫെബ്രുവരി 26 നകം അപേക്ഷിക്കണം. വിശദവിവരങ്ങൾക്ക്: +91 7356610110, +91 2700012 /13, +91 471 2413013, +91 9400225962 എന്നീ നമ്പരുകളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ ബന്ധപ്പെടാം.

## ജനവാസമേഖലയിലെ കിണറ്റിൽ കടുവയും പാമ്പും ചത്തനിലയിൽ

പാലക്കാട്: പാലക്കാട് നെല്ലിയാമ്പതിയിൽ ജനവാസ മേഖലയിലെ കിണറ്റിൽ കടുവയെ ചത്ത നിലയിൽ കണ്ടെത്തി. നെല്ലിയാമ്പതി കൂനൻപാലത്തിന് സമീപമുള്ള പൊതുകിണറിലാണ് കടുവയുടെ ജഡം കണ്ടെത്തിയത്.

ബംഗാൾ സ്വദേശിയായ യുവാവ് വെള്ളം കോരിയെടുക്കാനായി എത്തിയപ്പോഴാണ് കിണറിൽ കടുവയുടെ ജഡം കണ്ടെത്തിയത്. കടുവയുടെ സമീപത്തായി പാമ്പിനെയും ചത്ത നിലയിൽ കണ്ടെത്തിയിട്ടുണ്ട്. പാമ്പ് കടിയേറ്റാവാം കടുവ ചത്തതെന്നാണ് പ്രാഥമിക നിഗമനം.

# പിന്നാക്ക വിഭാഗ വികസന വകുപ്പ് പാലക്കാട് മേഖലാ ഓഫിസ് ഉദ്ഘാടനം ഇന്ന്

പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ പാലക്കാട് മേഖലാ ഓഫിസ് ഇന്നു (ഫെബ്രുവരി 15) നാടിനു സമർപ്പിക്കും. പാലക്കാട് ജില്ലാ പഞ്ചായത്ത് ഹാളിൽ രാവിലെ 11.30നു നടക്കുന്ന ചടങ്ങിൽ പട്ടികജാതി - പട്ടികവർഗ പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി കെ. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും.

വകുപ്പിന്റെ നാലാമത്തെ മേഖലാ ഓഫിസാണു പാലക്കാട് തുറക്കുന്നത്. തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലെ പിന്നാക്ക വിഭാഗങ്ങൾക്കായുള്ള സേവനം പുതിയ ഓഫിസിലൂടെ ലഭിക്കും. പാലക്കാട് യാക്കര റെയിൽവേ ഗേറ്റിനു സമീപമുള്ള കെ.ടി.വി. ടവേഴ്സിന്റെ രണ്ടാം നിലയാണ് ഓഫിസ്.

വിവിധ പദ്ധതികളുടെ ആനുകൂല്യങ്ങൾ വൈദ്യുതി മന്ത്രി കെ. കൃഷ്ണൻകുട്ടി ചടങ്ങിൽ വിതരണം ചെയ്യും. ഷാഫി പറമ്പിൽ എം.എൽ.എ. അധ്യക്ഷത വഹിക്കും. വി.കെ. ശ്രീകണ്ഠൻ എം.പി. വിശിഷ്ടാതിഥിയായി പങ്കെടുക്കും. ജില്ലയിൽനിന്നുള്ള എംപിമാർ, എം.എൽ.എമാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും.

# കരാർ നിയമനം

കൊല്ലം : ജില്ലയിലെ വിവിധ ബ്ലോക്ക്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിൽ എസ്.സി പ്രൊമോട്ടർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 18 നും 30 നും മധ്യേ പ്രായമുള്ള പ്ലസ് ടു/തത്തുല്യ യോഗ്യത ഉള്ളവർക്ക് അപേക്ഷിക്കാം.

ജാതി, വിദ്യാഭ്യാസ യോഗ്യത, വയസ്സ് എന്നിവ തെളിയിക്കുന്ന രേഖകളും ബന്ധപ്പെട്ട തദ്ദേശസ്ഥാപന സെക്രട്ടറിയിൽ നിന്നുള്ള റസിഡൻഷ്യൽ സർട്ടിഫിക്കറ്റും പാസ്പോർട്ട് സൈസ് ഫോട്ടോയും സഹിതം ഫെബ്രുവരി 28 ന് വൈകുന്നേരം അഞ്ചിന് മുൻപ് അതാത് ബ്ലോക്ക്/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസിൽ അപേക്ഷ സമർപ്പിക്കണം.

എഴുത്ത് പരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിലാണ് നിയമനം. അപേക്ഷകർ അതാത് തദ്ദേശ സ്വയംഭരണസ്ഥാപന പരിധിയിൽ സ്ഥിരതാമസമുള്ള വരായിരിക്കണം. യോഗ്യരായവരുടെ അഭാവത്തിൽ സമീപ തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിൽ ഉള്ളവരെയും പരിഗണിക്കും. അപേക്ഷയുടെ മാതൃകയും മറ്റ് വിവരങ്ങളും അതാത് പട്ടികജാതി വികസന ആഫീസിൽ ലഭിക്കും. ഫോൺ : 0474 2794996



റിപ്പബ്ലിക് ദിന പരേഡിൽ മികച്ച പ്രകടനം നടത്തി മെഡലുകൾ നേടിയ എൻ.സി.സി കേഡറ്റുകൾ മുഖ്യമന്ത്രി പിണറായി വിജയനൊപ്പം

# തദ്ദേശ സ്വയംഭരണ ദിനാഘോഷം ഫെബ്രുവരി 19ന് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

തദ്ദേശസ്വയംഭരണ ദിനാഘോഷം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ഫെബ്രുവരി 19-ന് ഉച്ചതിരിഞ്ഞ് 3.00 മണിക്ക് കോവളം വെള്ളാറിലെ ആർട്സ് & ക്രാഫ്റ്റ് വില്ലേജിലാണ് ഉദ്ഘാടന ചടങ്ങ്. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ മുഖ്യാതിഥികളായി വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി, ഭക്ഷ്യ, സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി. ആർ. അനിൽ, ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു എന്നിവർ പങ്കെടുക്കും. മികച്ച ഗ്രാമ / ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റി / കോർപ്പറേഷൻ എന്നിവയ്ക്കുമുള്ള സംസ്ഥാന തല പുരസ്കാരങ്ങൾ തദ്ദേശ സ്വയംഭരണ ദിനാഘോഷത്തിൽ വിതരണം ചെയ്യും. തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളാണ് പരിപാടിയിൽ പങ്കെടുക്കുക. സംയോജിത തദ്ദേശ സ്വയംഭരണ സർവ്വീസ്, നവകേരള കർമ്മ പരിപാടി എന്നീ വിഷയങ്ങളെ ആസ്പദമാക്കി സെമിനാറുകളും ഇതിന്റെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്.

ആഘോഷ പരിപാടികളുടെ ഭാഗമായി ഫെബ്രുവരി 18ന് മൂന്നു വിഷയങ്ങളെ ആസ്പദമാക്കി ഓൺലൈൻ സെമിനാറുകൾ സംഘടിപ്പിക്കും. ജനകീയാസൂത്രണത്തിന്റെ രജത ജൂബിലി വർഷത്തിൽ പുതുതലമുറ നേരിടുന്ന വെല്ലുവിളികളും സാധ്യതകളും, അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിൽ നിന്നും സമാനതകളില്ലാത്ത ദാരിദ്ര്യ ലഘൂകരണ പ്രക്രിയയിലേക്ക്, വാതിൽപ്പടി സേവനം സാധ്യതകൾ എന്നിവയാണ് സെമിനാർ വിഷയങ്ങൾ. സെമിനാർ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം. വി. ഗോവിന്ദൻ മാസ്റ്റർ ഉദ്ഘാടനം ചെയ്യു എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സെമിനാർ ലൈവ് ടെലികാസ്റ്റ് ചെയ്യും. മന്ത്രിയുടെ ഫേസ്ബുക്ക് പേജിലും ലൈവ് സംപ്രേക്ഷണം ഉണ്ടാവും.

തിരുവനന്തപുരം ജില്ല ഒഴികെയുള്ള ജില്ലകളിൽ ഫെബ്രുവരി 19ന് ജില്ലാ തലത്തിലും ബ്ലോക്ക് തലത്തിലും സെമിനാറുകളും ചർച്ചയും സംഘടിപ്പിക്കും. ജില്ലാ തല ജേതാക്കൾക്കുള്ള പുരസ്കാരങ്ങൾ ജില്ലാതല ആഘോഷ പരിപാടിയിൽ വിതരണം ചെയ്യും.

സംസ്ഥാനതല സംഘാടന സമിതി യോഗത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ മേയേഴ്സ് കൗൺസിൽ കേരള പ്രസിഡന്റ് എം. അനിൽ കുമാർ, ചേമ്പർ ഓഫ് മുനിസിപ്പൽ ചെയർമെൻ എം. കൃഷ്ണദാസ്, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് ബി. പി. മുരളി, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി കെ. സുരേഷ്, ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ബാലമുരളി, പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ എം. പി. അജിത് കുമാർ, കില ഡയറക്ടർ ഡോ. ജോയി ഇളമൺ, പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ ത്രേസ്യാമ്മ ആന്റണി തുടങ്ങിയവർ സ്വാഗതസംഘം യോഗത്തിൽ സംസാരിച്ചു.

# നീന്തൽ പരിശീലനം സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് ബാലാവകാശ കമ്മീഷൻ

നീന്തൽ പരിശീലനം സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിച്ച് ബാലാവകാശ കമ്മീഷൻ ഉത്തരവായി. മുഴുവൻ സ്കൂൾ കുട്ടികൾക്കും നീന്തൽ പരിശീലനം നൽകുന്നതിന് പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയും ഡയറക്ടറും നടപടി സ്വീകരിക്കണം. കുട്ടികൾ പുഴകളിലോ തടാകത്തിലോ കിണറുകളിലോ വീണ് ജീവൻ നഷ്ടപ്പെടുന്ന സംഭവങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചു വരുന്നു. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ മാർഗരേഖ പുറപ്പെടുവിക്കുന്നതിലൂടെ നിരവധി ജീവനുകൾ രക്ഷിക്കാൻ കഴിയുമെന്നു വിലയിരുത്തിയ കമ്മീഷൻ, ഉപയോഗശൂന്യമായ പൊതുകിണറുകൾ നികത്താനും പൊതുസ്ഥലത്തെ കിണറുകൾക്ക് ഭിത്തി നിർമ്മിക്കാനും കുളങ്ങൾ സുരക്ഷിതമാക്കാനും നടപടി സ്വീകരിക്കാൻ റവന്യു വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

കുളങ്ങൾക്കും മറ്റും കമ്പിവേലി കെട്ടിയോ അപകടസാധ്യത ചൂണ്ടിക്കാട്ടിയുള്ള ബോർഡോ മറ്റ് സുരക്ഷാ മാർഗ്ഗങ്ങളോ ഉപയോഗിച്ചു സുരക്ഷിതമാക്കണം. സ്വകാര്യ വ്യക്തികളുടെ കുളങ്ങളും തടാകങ്ങളും സംരക്ഷണ മതിലോ കമ്പിവേലിയോ കെട്ടി സുരക്ഷിതമാക്കേണ്ട ഉത്തരവാദിത്വം സ്ഥല ഉടമകൾക്കായിരിക്കും. ഇക്കാര്യം പാലിക്കുന്നു എന്ന് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തണമെന്ന് കമ്മിഷൻ അംഗം കെ. നസീർ ഉത്തരവിൽ വ്യക്തമാക്കി.

വീടുകൾക്കകത്തോ, വീടുമായി ബന്ധപ്പെട്ടോ നിർമ്മിക്കുന്ന നീന്തൽ കുളങ്ങൾക്കും ജലസംഭരണികൾക്കും സംരക്ഷണ വേലിയോ അപകടം ഒഴിവാക്കുന്നതിനാവശ്യമായ മറ്റു സുരക്ഷമാർഗമോ ഏർപ്പെടുത്തണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അന്തിമ പ്ലാൻ അംഗീകരിച്ചു നൽകുന്നതിന് മുമ്പ് ഇക്കാര്യം ഉറപ്പാക്കണം. ഇതിനാവശ്യമായ വ്യവസ്ഥകൾ 2019 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസിലും, മുനിസിപ്പാലിറ്റി റൂൾസിലും ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയും നഗരകാര്യം, പഞ്ചായത്ത് ഡയറക്ടർമാരും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിച്ച് ഉത്തരവ് പുറപ്പെടുവിക്കാനും ബാലാവകാശ കമ്മീഷൻ നിർദ്ദേശിച്ചു. കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ നടത്തുന്ന ദേശീയ ബോധവൽക്കരണ ക്യാമ്പയിനായ രക്ഷക് പദ്ധതിയുടെ കേരള സ്റ്റേറ്റ് അംബാസഡർ അമൽ സജി സമർപ്പിച്ച ഹർജി പരിഗണിച്ചാണ് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചത്.

# റിപ്പബ്ലിക് ദിന പരേഡ്: മെഡലുകൾ നേടിയവരെ മുഖ്യമന്ത്രി അനുമോദിച്ചു

റിപ്പബ്ലിക് ദിന പരേഡിൽ മികച്ച പ്രകടനം നടത്തി മെഡലുകൾ നേടിയ എൻ.സി.സി കേഡറ്റുകളെ മുഖ്യമന്ത്രി പിണറായി വിജയൻ അനുമോദിച്ചു. ഗോൾഡ് മെഡൽ നേടിയ മാധവ് എസ്(ബെസ്റ്റ് കേഡറ്റ് സീനിയർ ഡിവിഷൻ ആർമി), കുരുവിള കെ(ബെസ്റ്റ് കേഡറ്റ് സീനിയർ ഡിവിഷൻ നേവി), വെള്ളി മെഡൽ നേടിയ കീർത്തി യാദവ്(ബെസ്റ്റ് കേഡറ്റ് സീനിയർ വിങ് ആർമി). മീനാക്ഷി എ. നായർ(ബെസ്റ്റ് കേഡറ്റ് സീനിയർ വിങ് നേവി), വെങ്കല മെഡൽ നേടിയ അർജുൻ വേണുഗോപാൽ(ബെസ്റ്റ് കേഡറ്റ് സീനിയർ ഡിവിഷൻ എയർ), എം. അക്ഷിത(ബെസ്റ്റ് കേഡറ്റ് സീനിയർ വിങ് എയർ) എന്നിവരെയാണു മുഖ്യമന്ത്രി അനുമോദിച്ചത്. എസ്.സി.സി. ഡയറക്ടറേറ്റ് ഒഫിഷ്യേറ്റിങ് എ.ഡി.ജി. ബ്രിഗേഡിയർ പി.കെ. സുനിൽ കുമാർ, ഡയറക്ടർ എസ്. ഫ്രാൻസിസ് തുടങ്ങിയവർ പങ്കെടുത്തു.

# അധ്യാപക കോഴ്സ് സ്പോട്ട് അഡ്മിഷൻ

കൊല്ലം : കേരള ഗവൺമെന്റ് ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യൂക്കേഷൻ അധ്യാപക കോഴ്സ് സ്പോട്ട് അഡ്മിഷൻ ഫെബ്രുവരി 18ന് രാവിലെ 10 ന് നടത്തും. പി എസ് സി അംഗീകരിച്ച കോഴ്സിന് 50 ശതമാനം മാർക്കോടെ രണ്ടാം ഭാഷ ഹിന്ദിയോടുകൂടിയുള്ള പ്ലസ് ടു ഉള്ളവർക്ക് അപേക്ഷിക്കാം. ഹിന്ദി ബി.എ, എം.എ എന്നിവയും പരിഗണിക്കും. പ്രായപരിധി 17നും 35നും മധ്യേ. പട്ടികജാതി/ പട്ടികവർഗക്കാർക്ക് അഞ്ചുവർഷവും മറ്റു പിന്നോക്കക്കാർക്ക് മൂന്നുവർഷവും ഇളവ് അനുവദിക്കും. പട്ടികജാതി, മറ്റർഹവിഭാഗത്തിന് ഫീസ് സൗജന്യം. കൂടുതൽ വിവരങ്ങൾക്ക് പ്രിൻസിപ്പാൾ, ഭാരത ഹിന്ദി പ്രചാര കേന്ദ്രം, അടൂർ പത്തനംതിട്ട, ഫോൺ 0473 4296496, 8547126028

# ഹീമോഫീലിയ രോഗികൾക്ക് സൗജന്യ ചികിത്സ ഉറപ്പാക്കും

സംസ്ഥാനത്തെ ഹീമോഫീലിയ രോഗികൾക്ക് സൗജന്യ ചികിത്സ ഉറപ്പാക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. തെരഞ്ഞെടുക്കപ്പെട്ട താലൂക്ക്, ജില്ലാതല ആശുപത്രികളിലെ അത്യാഹിത വിഭാഗത്തിൽ എത്തുന്ന രോഗികൾക്ക് അടിയന്തിര ചികിത്സ ഉറപ്പാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇവർക്ക് വേണ്ട ആദ്യഡോസ് മരുന്ന് നൽകിയശേഷം ആവശ്യമെങ്കിൽ ഹീമോഫീലിയ ട്രീറ്റ്മെന്റ് സെന്ററിലേക്കോ, മെഡിക്കൽ കോളേജിലേക്കോ വിദഗ്ധ ചികിത്സയ്ക്കായി റഫറൽ നൽകുന്നതാണെന്നും മന്ത്രി വ്യക്തമാക്കി.

ഡോക്ടർമാർ നിർദ്ദേശിക്കുന്ന മുറയ്ക്ക് ആവശ്യഘട്ടങ്ങളിൽ ഉപയോഗിക്കുന്നതിനായി, രോഗിയുടെ ഭാരം, ഏത് തരത്തിലുള്ള രക്തസ്രാവം എന്നിവ പരിഗണിച്ച് ഒരു ഡോസ് മരുന്ന് രോഗിയുടെ കൈവശം കൊടുത്ത് വിടുന്നതിന് അനുവദിക്കപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ നൽകിയിട്ടുള്ള മരുന്നുകൾ ഒരു യോഗ്യതയുള്ള മെഡിക്കൽ പ്രാക്ടീഷണറുടെ കർശനമായ മേൽനോട്ടത്തിലാണ് ഉപയോഗിക്കുന്നതെന്ന് രോഗി ഉറപ്പ് വരുത്തണം.

അന്താരാഷ്ട്രതലത്തിൽ അംഗീകരിക്കപ്പെട്ട ചികിത്സാ പ്രോട്ടോകോൾ ആധാരമാക്കിയാണ് ഹീമോഫീലിയ രോഗികളിൽ 18 വയസു വരെയുള്ള കുട്ടികൾക്കും മുതിർന്നവർക്ക് രക്തസ്രാവം ഉണ്ടാകുന്ന സമയത്തും സൗജന്യ ചികിത്സ ഉറപ്പാക്കുന്നത്. കുട്ടികളുടെ പ്രൊഫൈലാക്സിസ് ചികിത്സ ഡിസ്ട്രിക് ഡേ കെയർ സെന്റർ മുഖാന്തരം മാത്രമാണ് ലഭ്യമാക്കുക. ഇത് കൂടാതെ ആഴ്ചയിൽ നിശ്ചിത ദിവസങ്ങളിൽ ഹീമോഫീലിയ ക്ലിനിക്കുകൾ ജില്ലാ ഡേ കെയർ സെന്റർ ഹീമോഫീലിയ ട്രീറ്റ്മെന്റ് സെന്റർ മുഖാന്തരവും നടത്തുന്നതാണ്. എല്ലാ രോഗികളും മാസത്തിൽ ഒരിക്കൽ ഈ ക്ലിനിക്കുകളിൽ പങ്കെടുത്ത് വേണ്ട പരിശോധനകൾ നടത്തി തങ്ങളുടെ ആരോഗ്യ നിലവാരം ഉറപ്പാക്കുകയും ഡോക്ടർമാരുടെ നിർദ്ദേശാനുസരണം ജീവിതശൈലിയിൽ മാറ്റങ്ങൾ വരുത്തിയും സ്ഥിരമായി തെറാപ്പികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

മരുന്നുകൾ ഉപയോഗിക്കുന്നതിനോടൊപ്പം കൂടുതൽ രക്തസ്രാവം തടയുന്നതിനും സന്ധികളുടെ നല്ല ആരോഗ്യം നിലനിർത്തുന്നതിനും പരിശീലനം ലഭിച്ച ഒരു മെഡിക്കൽ പ്രാക്ടീഷണർ നിർദ്ദേശിക്കുന്ന ചിട്ടയായ വ്യായാമവും, ഫിസിയോതെറാപ്പിയും അത്യന്താപേക്ഷിതമാണ്.

# സ്റ്റാഫ് നഴ്സ് കരാർ നിയമനം

തിരുവനന്തപുരം മെഡിക്കൽ കോളജിൽ സ്റ്റാഫ് നഴ്സ് തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ഒരു ഒഴിവാണുള്ളത്. സയൻസ് വിഷയമായി പ്ലസ്ടു/പ്രീഡിഗ്രി/വി.എച്ച്.എസ്.ഇ/ അംഗീകൃത സർവകലാശാലയിൽനിന്ന് ഡൊമസ്റ്റിക് നഴ്സിങ്ങിൽ വി.എച്ച്.എസ്.ഇ. എന്നിവയും അംഗീകൃത സർവകലാശാലയിൽനിന്നു ബി.എസ്സി നഴ്സിങ്/ മൂന്നു വർഷ കാലാവധിയിൽ കുറയാത്ത ജനറൽ നഴ്സിങ് ആൻഡ് മിഡ്വൈഫറി കോഴ്സ് എന്നിവയും കേരള നഴ്സസ് ആൻഡ് മിഡ്വൈഫ് കൗൺസിൽ രജിസ്ട്രേഷനുമുള്ളവർക്ക് അപേക്ഷിക്കാം. ഒരു വർഷ കാലാവധിക്കാകും നിയമനം. താത്പര്യമുള്ളവർ ജനന തീയതി, വിദ്യാഭ്യാസ യോഗ്യത, മുൻപരിചയം, മേൽവിലാസം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ഫെബ്രുവരി 19നു വൈകിട്ടു മൂന്നിനു മുൻപായി തിരുവനന്തപുരം മെഡിക്കൽ കോളജ് പ്രിൻസിപ്പാളിന്റെ കാര്യാലയത്തിൽ തപാൽ വഴിയോ ഇ-മെയിൽ വഴിയോ നേരിട്ടോ അപേക്ഷിക്കണം. അപേക്ഷകൾ പരിശോധിച്ച് യോഗ്യതയുടെ അടിസ്ഥാനത്തിൽ അഭിമുഖം നടത്തിയാകും നിയമനം. കൂടുതൽ വിവരങ്ങൾക്ക് 0471 2528855.

# കെപ്കോ ഏജൻസികൾക്ക് അപേക്ഷ ക്ഷണിച്ചു

സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) ഉൽപ്പാദിപ്പിക്കുന്ന കെപ്കോ ചിക്കനും അനുബന്ധ ഉൽപ്പന്നങ്ങളും വിൽപ്പന നടത്തുന്നതിന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലയിലെ വിൽപ്പന സാധ്യതയുള്ള സ്ഥലങ്ങളിൽ ഏജൻസികൾ അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. താത്പര്യമുള്ളവർ സ്വന്തം വിശദാംശങ്ങളും ഏജൻസി തുടങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലവും വ്യക്തമാക്കി വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ 28നകം മാനേജിംഗ് ഡയറക്ടർ, സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ, പേട്ട, തിരുവനന്തപുരം എന്ന വിലാസത്തിൽ അയയ്ക്കണം. ഇ-മെയിൽ: കൂടുതൽ വിവരങ്ങൾക്ക്: 9495000918, 9495000921.

# ഹോമിയോപ്പതി വകുപ്പ് ഓൺലൈൻ സർവ്വേ

കൊല്ലം : സ്കൂൾ കുട്ടികൾക്ക് കോവിഡ് പ്രതിരോധ മരുന്നുകൾ നൽകിയതിന്റെ ഫലപ്രാപ്തി രേഖപ്പെടുത്തുന്നതിനായി ഹോമിയോപ്പതി വകുപ്പ് ഓൺലൈൻ സർവ്വേ നടത്തുന്നു.

2021 ഒക്ടോബർ 25 മുതൽ നവംബർ 5 വരെയുള്ള തീയതികളിൽ മുൻകൂട്ടി ഓൺലൈൻ രജിസ്റ്റർ ചെയ്ത് മരുന്ന് സ്വീകരിച്ചവരാണ് സർവ്വേയിൽ പങ്കെടുക്കേണ്ടത് .

മരുന്നുകൾ സ്വീകരിക്കുവാനായി ഓൺലൈൻ രജിസ്റ്റർ ചെയ്ത രക്ഷകർത്താവിന്റെ മൊബൈൽ ഫോണിൽ നിന്ന് വട്ടേ://മവശാ ം.സെലൃമഹമ.ഴീ.ശി എന്ന വെബ് പോർട്ടലിലൂടെയോ എംഹോമിയോ എന്ന മൊബൈൽ ആപ്പ് വഴിയോ സർവ്വേയിൽ പങ്കെടുക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.സി.എസ്.പ്രദീപ് അറിയിച്ചു. ഫോൺ :0474 2791520.



കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെ സംപ്രേക്ഷണം ചെയ്യുന്ന ഫസ്റ്റ്ബെൽ ഡിജിറ്റൽ ക്ലാസുകളുടെ ഓഡിയോ ബുക്കുകൾ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി.ശിവൻകുട്ടി പ്രകാശനം ചെയ്യുന്നു

# തദ്ദേശ സ്വയംഭരണ ദിനാഘോഷം ഫെബ്രുവരി 19ന് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

തിരുവനന്തപുരം : തദ്ദേശസ്വയംഭരണ ദിനാഘോഷം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. 2022 ഫെബ്രുവരി 19ന് ഉച്ചതിരിഞ്ഞ് 3.00 മണിക്ക് കോവളം വെള്ളാറിലെ ആർട്സ് & ക്രാഫ്റ്റ് വില്ലേജിലാണ് ഉദ്ഘാടന ചടങ്ങ്. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ മുഖ്യാതിഥികളായി വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി, ഭക്ഷ്യ, സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി. ആർ. അനിൽ, ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു എന്നിവർ പങ്കെടുക്കും. മികച്ച ഗ്രാമ / ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റി / കോർപ്പറേഷൻ എന്നിവയ്ക്കുമുള്ള സംസ്ഥാന തല പുരസ്കാരങ്ങൾ തദ്ദേശ സ്വയംഭരണ ദിനാഘോഷത്തിൽ വിതരണം ചെയ്യും. തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളാണ് പരിപാടിയിൽ പങ്കെടുക്കുക. സംയോജിത തദ്ദേശ സ്വയംഭരണ സർവ്വീസ്, നവകേരള കർമ്മ പരിപാടി എന്നീ വിഷയങ്ങളെ ആസ്പദമാക്കി സെമിനാറുകളും ഇതിന്റെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്.

സംസ്ഥാനതല ആഘോഷ പരിപാടികൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഇന്ന് ചേർന്ന സംസ്ഥാനതല സംഘാടക സമിതി യോഗത്തിൽ ചർച്ച ചെയ്യുകയും തീരുമാനങ്ങളെടുക്കുകയും ചെയ്തു. പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ ഉപജ്ഞാതാവായ ബൽവന്ത് റായ് മേത്തയുടെ ജന്മദിനമായ ഫെബ്രുവരി 19 എല്ലാ വർഷവും കേരളത്തിൽ പഞ്ചായത്ത് ദിനമായി ആഘോഷിച്ചു വരാറുണ്ട്. ത്രിതല പഞ്ചായത്തുകളുടെ പ്രതിനിധികളാണ് ആ പരിപാടിയിൽ പങ്കെടുക്കാറുള്ളത്. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ഒരു കുടക്കീഴിൽ കൊണ്ടുവരുക എന്ന ലക്ഷ്യത്തോടെ ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് നിലവിൽ വന്ന സാഹചര്യത്തിൽ ഈ വർഷം മുതൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെയും നഗരസഭകളുടെയും കോർപ്പറേഷനുകളുടെയും ജനപ്രതിനിധികളുടെയും ജീവനക്കാരുടെയും പ്രാതിനിധ്യം ഉറപ്പാക്കി തദ്ദേശസ്വയംഭരണ ദിനമായി ആഘോഷിക്കുവാൻ തീരുമാനിച്ചു. ഫെബ്രുവരി 18, 19 തീയതികളിലായി ആഘോഷ പരിപാടികൾ സംഘടിപ്പിക്കും.

ഫെബ്രുവരി 18ന് 3 വിഷയങ്ങളെ ആസ്പദമാക്കി ഓൺലൈൻ സെമിനാറുകൾ സംഘടിപ്പിക്കും. ജനകീയാസൂത്രണത്തിന്റെ രജതജൂബിലി വർഷത്തിൽ പുതുതലമുറ നേരിടുന്ന വെല്ലുവിളികളും സാധ്യതകളും, അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിൽ നിന്നും സമാനതകളില്ലാത്ത ദാരിദ്ര്യ ലഘൂകരണ പ്രക്രിയയിലേക്ക്, വാതിൽപ്പടി സേവനം സാധ്യതകൾ എന്നിവയാണ് സെമിനാർ വിഷയങ്ങൾ. സെമിനാർ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം. വി. ഗോവിന്ദൻ മാസ്റ്റർ ഉദ്ഘാടനം ചെയ്യു എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സെമിനാർ ലൈവ് ടെലികാസ്റ്റ് ചെയ്യും. മന്ത്രിയുടെ ഫേസ്ബുക്ക് പേജിലും ലൈവ് സംപ്രേക്ഷണം ഉണ്ടാവും.

തിരുവനന്തപുരം ജില്ല ഒഴികെയുള്ള ജില്ലകളിൽ ഫെബ്രുവരി 19ന് ജില്ലാ തലത്തിലും ബ്ലോക്ക് തലത്തിലും സെമിനാറുകളും ചർച്ചയും സംഘടിപ്പിക്കും. ജില്ലാ തല ജേതാക്കൾക്കുള്ള പുരസ്കാരങ്ങൾ ജില്ലാതല ആഘോഷ പരിപാടിയിൽ വിതരണം ചെയ്യും.

സംസ്ഥാനതല സംഘാടന സമിതി യോഗത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ മേയേഴ്സ് കൗൺസിൽ കേരള പ്രസിഡന്റ് എം. അനിൽകുമാർ, ചേമ്പർ ഓഫ് മുനിസിപ്പൽ ചെയർമെൻ എം. കൃഷ്ണദാസ്, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് ബി. പി. മുരളി, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി കെ. സുരേഷ്, ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ബാലമുരളി, പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ എം. പി. അജിത് കുമാർ, കില ഡയറക്ടർ ഡോ. ജോയി ഇളമൺ, പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ ത്രേസ്യാമ്മ ആന്റണി തുടങ്ങിയവർ സ്വാഗതസംഘം യോഗത്തിൽ സംസാരിച്ചു.

# മലയിൻകീഴ്–പാപ്പനംകോട് റോഡ് നിർമാണം മാർച്ചിൽ പൂർത്തിയാക്കാൻ നിർദ്ദേശം

### പൊതുമരാമത്ത് വകുപ്പ് മന്ത്രി സ്ഥലം സന്ദർശിച്ചു

ശബരിമല പാക്കേജിൽ ഉൾപ്പെടുന്ന തിരുവനന്തപുരത്തെ മലയിൻകീഴ്- പാപ്പനംകോട് റോഡ് നിർമാണം മാർച്ച് മാസത്തിൽ പൂർത്തിയാക്കാൻ പൊതുമരാമത്ത് മന്ത്രി പി.എ. മുഹമ്മദ് റിയാസ് ഉദ്യോഗസ്ഥർക്കും കരാറുകാർക്കും കർശന നിർദേശം നൽകി. നിർമാണം നീളുന്നത് സംബന്ധിച്ച പരാതിയുടെ അടിസ്ഥാനത്തിൽ മന്ത്രി നേരിട്ടെത്തി നിർമാണ പുരോഗതി വിലയിരുത്തി. മലയിൻകീഴ് മുതൽ പാപ്പനംകോട് വരെ എട്ട് കിലോമീറ്റർ നീളമുള്ള റോഡിന്റെ പ്രവൃത്തി 2020 – 2021 പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് തുടങ്ങിയത്. 2021 ജൂണിൽ പൂർത്തിയാക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നത്. എന്നാൽ നിർമാണ നടപടികൾ പാതിവഴിയിൽ നിലച്ചു. റോഡ് നിർമാണം വേഗത്തിൽ പൂർത്തിയാക്കാനും അപാകതകൾ സമയബന്ധിതമായി പരിഹരിക്കാനും മന്ത്രി നിർദേശിച്ചു.

പൊതുമരാമത്ത് വകുപ്പിന് കീഴിൽ നടക്കുന്ന നിർമാണ പ്രവർത്തനങ്ങൾ ജനങ്ങൾ നിരീക്ഷിക്കുന്നുവെന്നത് വ്യക്തമാണ്. റോഡ് നിർമാണവുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം ജനങ്ങൾ വേണ്ടവിധത്തിൽ ഉപയോഗിക്കുന്നത് ഇതിനു തെളിവാണ്. നിർമാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന ഉദ്യോഗസ്ഥരും കരാറുകാരും ഉത്തരവാദിത്തത്തോടെ ജോലികൾ പൂർത്തിയാക്കണമെന്നും മന്ത്രി പറഞ്ഞു.

പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ജനങ്ങൾക്ക് കൃത്യമായ വിവരങ്ങൾ ലഭിക്കുന്നതിനായി പ്രത്യേക സംവിധാനമൊരുക്കുമെന്ന് മന്ത്രി പറഞ്ഞു. ഇത് ലക്ഷ്യമിട്ടാണ് പൊതുമരാമത്ത് വകുപ്പ് പ്രോജക്റ്റ് മാനേജ്മന്റ് സിസ്റ്റം നടപ്പാക്കാൻ ഒരുങ്ങുന്നത്. നിർമാണ പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കാനായി ഓരോ നിയമസഭാ മണ്ഡലങ്ങളിലും പ്രത്യേക സംവിധാനമുണ്ടാകും. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതു പോലെ പ്രധാനമാണ് ഗുണനിലവാരം ഉറപ്പാക്കുന്നതെന്നും മന്ത്രി പറഞ്ഞു. നിർമാണപ്രവൃത്തികൾ വിലയിരുത്തുന്നതിനായി വകുപ്പുദ്യോഗസ്ഥരും മന്ത്രിക്കൊപ്പമുണ്ടായിരുന്നു.



വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക് കോളേജിൽ ഉദ്ഘാടനത്തിനൊരുങ്ങുന്നു ബഹുനില ലബോറട്ടറി ബ്ലോക്കിന്റെ അവസാന വട്ട ഒരുക്കങ്ങൾ വി.കെ.പ്രശാന്ത് എം.എൽ.എ വിലയിരുത്തുന്നു

## പുൽവാമ ആക്രമണത്തിലെ രക്തസാക്ഷികൾക്ക് പ്രധാനമന്ത്രിയുടെ ആദരാഞ്ജലി

ന്യൂഡൽഹി : 2019ലെ ഈ ദിനത്തിൽ പുൽവാമയിൽ വീരമൃത്യു വരിച്ച എല്ലാവർക്കും പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ആദരാഞ്ജലികൾ അർപ്പിക്കുകയും നമ്മുടെ രാജ്യത്തിനായുള്ള അവരുടെ മികച്ച സേവനത്തെ അനുസ്മരിക്കുകയും ചെയ്തു.

ഒരു ട്വീറ്റിൽ പ്രധാനമന്ത്രി പറഞ്ഞു;

'2019ലെ ഈ ദിനത്തിൽ പുൽവാമയിൽ രക്തസാക്ഷിത്വം വരിച്ച എല്ലാവർക്കും ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുകയും നമ്മുടെ രാജ്യത്തിനായുള്ള അവരുടെ മികച്ച സേവനം അനുസ്മരിക്കുകയും ചെയ്യുന്നു. അവരുടെ ധീരതയും പരമോന്നത ത്യാഗവും ശക്തവും സമൃദ്ധവുമായ ഒരു രാജ്യത്തിനായി പ്രവർത്തിക്കാൻ ഓരോ ഇന്ത്യക്കാരനെയും പ്രേരിപ്പിക്കുന്നു.'

## ഇന്ത്യയിലെ മ്യൂസിയങ്ങളുടെ പുനരാവിഷ്കാരം

ന്യൂഡൽഹി : ഇന്ത്യയിലെ മ്യൂസിയങ്ങളുടെ പുനരാവിഷ്കാരം ' എന്ന വിഷയത്തിൽ ഹൈദരാബാദിൽ, 2022 ഫെബ്രുവരി 15 16 തീയതികളിൽ ഇതാദ്യമായി 2 ദിവസത്തെ ആഗോള ഉച്ചകോടി കേന്ദ്ര സാംസ്കാരിക മന്ത്രാലയം സംഘടിപ്പിക്കുന്നു. ഉച്ചകോടി കേന്ദ്ര സാംസ്കാരിക ടൂറിസം മന്ത്രി ശ്രീ ജി. കിഷൻ റെഡ്ഡി ഉദ്ഘാടനം ചെയ്യും.രണ്ട് ദിവസങ്ങളിലായി ഓൺലൈനായി നടക്കുന്ന,പൊതുജനങ്ങൾക്കും പങ്കെടുക്കാവുന്ന പരിപാടിയിൽ ഇന്ത്യ, ഓസ്ട്രേലിയ, ഫ്രാൻസ്, ഇറ്റലി, സിംഗപ്പൂർ, യുണൈറ്റഡ് അറബ് എമിറേറ്റ്സ്, യുണൈറ്റഡ് കിംഗ്ഡം തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള തല്പര കക്ഷികൾ ഭാഗമാകും. ഏകദേശം 2,300 പേർ ഇതിനകം പരിപാടിയിൽ പങ്കെടുക്കാൻ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ആസാദി കാ അമൃത് മഹോത്സവിന്റെ ഭാഗമായാണ് ഉച്ചകോടി സംഘടിപ്പിക്കുന്നത്.

മ്യൂസിയം വികസന, പരിപാലന മേഖലയിലെ മികച്ച സമ്പ്രദായങ്ങളും തന്ത്രങ്ങളും ചർച്ച ചെയ്യുന്നതിനായി ആഗോള ഉച്ചകോടിയിൽ, ഇന്ത്യയിലെയും ലോകമെമ്പാടുമുള്ള ഈ രംഗത്തെ പ്രമുഖർ, വിദഗ്ധർ, എന്നിവർ ഒരുമിച്ച് ചേരും . 25ലധികം മ്യൂസിയോളജിസ്റ്റുകളും മ്യൂസിയം പ്രൊഫഷണലുകളും, മ്യൂസിയങ്ങളുടെ പുനർരൂപകൽപ്പന മുൻഗണനകളും സമ്പ്രദായങ്ങളും പരിശോധിക്കും. ഈ ഉച്ചകോടിയിലൂടെ പുതിയ മ്യൂസിയങ്ങൾ വികസിപ്പിക്കുന്നതിനും, ഒരു നവീകരണ ചട്ടക്കൂട് പരിപോഷിപ്പിക്കുന്നതിനും, ഇന്ത്യയിൽ നിലവിലുള്ള മ്യൂസിയങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനുമുള്ള ഒരു രൂപരേഖ സൃഷ്ടിക്കുന്നത് ലക്ഷ്യമിടുന്നു.

ഇന്ത്യയിലെ 1000ത്തിലധികം മ്യൂസിയങ്ങൾ രാജ്യത്തിന്റെ സാംസ്കാരിക പൈതൃകം പ്രദർശിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും മാത്രമല്ല, ഭാവി തലമുറകളെ ബോധവൽക്കരിക്കാനും സഹായകമാണെന്ന് ഉച്ചകോടിയെക്കുറിച്ച് സംസാരിച്ച ശ്രീ ജി.കിഷൻ റെഡ്ഡി പറഞ്ഞു.

ഓൺലൈൻ ഉച്ചകോടിയിൽ, വാസ്തുവിദ്യയും പ്രവർത്തനപരമായ ആവശ്യങ്ങളും; പരിപാലനം ; ശേഖരങ്ങൾ (ക്യൂറേഷൻ & കൺസർവേഷൻ രീതികൾ ഉൾപ്പെടെ); വിദ്യാഭ്യാസവും പ്രേക്ഷക ഇടപഴകലും എന്നീ നാല് വിശാലമായ ആശയങ്ങൾ ഉൾക്കൊള്ളുന്നു

## പേപ്പർ ഉപയോഗിച്ചു നിർമിച്ച ദേശീയ പതാക ഉപയോഗിക്കണം

ദേശീയ പ്രാധാന്യമുള്ള ദിനങ്ങൾ, സാംസ്കാരിക പരിപാടികൾ, കായിക മത്സരങ്ങൾ തുടങ്ങിയവയ്ക്കു പൊതുജനങ്ങൾ പേപ്പറിൽ നിർമിച്ച ദേശീയ പതാക മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂവെന്നു കേന്ദ്ര ആഭ്യന്തര മന്ത്രാലയം നിർദേശിച്ചു. ഇത്തരം ചടങ്ങുകളിൽ പൊതുജനങ്ങൾക്കു പേപ്പറിൽ നിർമിച്ച ദേശീയ പതാക കൈയിൽ വീശാവുന്നതാണ്. എന്നാൽ പരിപാടികൾക്കു ശേഷം പതാക ഉപേക്ഷിക്കുകയോ നിലത്തു വലിച്ചെറിയുകയോ ചെയ്യരുത്. പതാകയുടെ അന്തസ് നിലനിർത്തുംവിധം ഇതു നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നു മന്ത്രാലയം സംസ്ഥാനങ്ങൾക്കു നിർദേശം നൽകി.

## പ്രിൻസിപ്പൽ കരാർ നിയമനം

പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ എറണാകുളം, പാലക്കാട് ജില്ലകളിൽ പ്രവർത്തിക്കുന്ന പ്രീ എക്സാമിനേഷൻ ട്രെയിനിങ് സെന്ററിൽ പ്രിൻസിപ്പൽ തസ്തികയിൽ പ്രതിമാസം 20,000 രൂപ ഹോണറേറിയം വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് കരാർ വ്യവസ്ഥയിൽ നിയമിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പിൽ പ്രിൻസിപ്പൽ/ സെലക്ഷൻ ഗ്രേഡ് ലക്ചറർ/ സീനിയർ ഗ്രേഡ് ലക്ചറർ തസ്തികകളിൽ വിരമിച്ചവരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ്, സ്വയം തയ്യാറാക്കിയ അപേക്ഷ സഹിതം 25നകം ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റ്, മ്യൂസിയം- നന്ദാവനം റോഡ്, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം- 695033 എന്ന വിലാസത്തിൽ ലഭ്യമാക്കണം. കൂടുതൽ വിവരങ്ങൾക്ക്: 0471-2737246.

## അമൃത് 2.0 പദ്ധതി ഉദ്ഘാടനം 16ന്

കേന്ദ്രാവിഷ്കൃത പദ്ധതിയായ അമൃത് 2.0 പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ഫെബ്രുവരി 16നു തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ നിർവഹിക്കും. രാവിലെ 11.30ന് തിരുവനന്തപുരം മാസ്കറ്റ് ഹോട്ടലിലെ സിംഫണി ഹാളിലാണു ചടങ്ങ്.

ഉദ്ഘാടനത്തോടനുബന്ധിച്ച് അമൃത് 2.0യുടെ സവിശേഷത സംബന്ധിച്ച വിശദമായ ചർച്ചയും സംഘടിപ്പിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ തിരുവനന്തപുരം മേയർ ആര്യ രാജേന്ദ്രൻ, കൊല്ലം മേയർ പ്രസന്ന ഏണസ്റ്റ്, കൊച്ചി മേയർ എം. അനിൽ കുമാർ, തൃശൂർ മേയർ എം.കെ. വർഗീസ്, കോഴിക്കോട് മേയർ ബീന ഫിലിപ്പ്, കണ്ണൂർ മേയർ അഡ്വ. ടി.ഒ. മോഹനൻ, ഗുരുവായൂർ മുനിസിപ്പൽ ചെയർമാൻ എം. കൃഷ്ണദാസ്, ആലപ്പുഴ മുനിസിപ്പൽ ചെയപേഴ്സൺ സൗമ്യ രാജ്, പാലക്കാട് മുനിസിപ്പൽ ചെയർപേഴ്സൺ കെ. പ്രിയ അജയൻ തുടങ്ങിയവർ പങ്കെടുക്കും.

## പ്രോജക്ട് അസിസ്റ്റന്റ് ഒഴിവ്

കൊല്ലം : തേവലക്കര ഗ്രാമപഞ്ചായത്തിൽ ഇഗ്രാംസ്വരാജ് പോർട്ടൽ വഴിയുള്ള പ്രവർത്തനങ്ങൾക്ക് പ്രോജക്ട് അസിസ്റ്റന്റിനെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നു. യോഗ്യത സംസ്ഥാന സാങ്കേതിക പരീക്ഷ കൺട്രോളർ/ സാങ്കേതിക വിദ്യാഭ്യാസ ബോർഡ് നടത്തുന്ന മൂന്നു വർഷത്തെ ഡിപ്ലോമ ഇൻ കൊമേഴ്സ്യൽ പ്രാക്ടീസ് (ഡി.സി.പി)/ ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ആൻഡ് ബിസിനസ് മാനേജ്മെന്റ് / സംസ്ഥാനത്തെ സർവ്വകലാശാലകൾ അംഗീകരിച്ചിട്ടുള്ള ബിരുദവും ഒപ്പം ഒരു വർഷത്തിൽ കുറയാതെ ഉള്ള അംഗീകൃത ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷനോ, പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷനോ പാസായിരിക്കണം. പ്രായപരിധി 2021 ജനുവരി ഒന്നിന് 18 നും 30 നും ഇടയിൽ. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് മൂന്നു വർഷത്തെ ഇളവ് ഉണ്ട്. 2022 മാർച്ച് 31 വരെയാണ് നിയമന കാലാവധി. വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം യോഗ്യത, വയസ്സ് തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം പഞ്ചായത്ത് സെക്രട്ടറിക്ക് അപേക്ഷ നൽകണം. തേവലക്കര ഗ്രാമപഞ്ചായത്ത് നിവാസികൾക്ക് മുൻഗണന. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി 19 നാലു മണിവരെ. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0476 2872031

## ഡിജിറ്റൽ പഠനം ഡിജിറ്റൽ വിഭജനത്തിലേക്ക് നയിക്കരുത്: ഉപരാഷ്ട്രപതി

ന്യൂഡൽഹി : ഡിജിറ്റൽ പഠനം പ്രോത്സാഹിപ്പിക്കുന്നതിന് കേന്ദ്രസംസ്ഥാന സർക്കാരുകൾ നടപടികൾ സ്വീകരിക്കുമ്പോൾ, ഡിജിറ്റൽ വിഭജനം ഇല്ലെന്ന് ഉറപ്പാക്കേണ്ടത് പ്രധാനമാണെന്ന് ഉപരാഷ്ട്രപതി ശ്രീ എം. വെങ്കയ്യ നായിഡു ഇന്ന് ഊന്നിപ്പറഞ്ഞു. ഇത് ഉറപ്പാക്കാൻ, പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിലും വിദൂര സ്ഥലങ്ങളിലും ഇന്റർനെറ്റ് ലഭ്യത വർദ്ധിപ്പിക്കാനും വിദ്യാഭ്യാസ അനുഭവത്തിന്റെ ഹൃദയഭാഗത്ത് എല്ലാവരെയും ഉൾക്കൊള്ളിക്കുക എന്നത് നിലനിർത്താനും അദ്ദേഹം ആഹ്വാനം ചെയ്തു.

ചെന്നൈയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് & റിസർച്ചിൽ (എൻഐടിടിടിആർ) ഇന്ന് സ്പോർട്സ് സെന്റർ ഉദ്ഘാടനം ചെയ്ത ശേഷം സദസിനെ അഭിസംബോധന ചെയ്യവേ, ഇലേണിംഗിൽ അധ്യാപകരുടെ കഴിവുകൾ വികസിപ്പിക്കുന്നത് അതാവശ്യമാണെന്ന് ശ്രീ നായിഡു ചൂണ്ടിക്കാട്ടി.

പരിപാടിയുടെ ഭാഗമായി എൻഐടിടിടിആർ ഓപ്പൺ എജ്യുക്കേഷണൽ റിസോഴ്സിന്റെ (ഒഇആർ) ഉദ്ഘാടനവും ഉപരാഷ്ട്രപതി നിർവഹിച്ചു. ഇന്ത്യയിലെ ഗുണമേന്മയുള്ള അധ്യാപക പരിശീലനത്തിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞ അദ്ദേഹം, അധ്യാപകർ ഒരു ദേശത്തിന്റെ ബൗദ്ധിക ജീവരേഖയാണെന്നും രാജ്യത്തിന്റെ വികസനം ഉറപ്പാക്കുന്നതിൽ അവർ നിർണായക പങ്ക് വഹിക്കുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## കെട്ടിട നിർമ്മാണ പെർമിറ്റുകളുടെ കാലാവധി ദീർഘിപ്പിച്ചു: മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ

കോവിഡ് വ്യാപനം പൂർണമായും നിയന്ത്രണ വിധേയമാകാത്ത സാഹചര്യത്തിൽ പൊതുജീവിതം സാധാരണ നിലയിൽ ആവാത്തതിനാൽ എല്ലാ നിർമ്മാണ പെർമിറ്റുകളുടേയും കാലാവധി ജൂൺ 30 വരെ ദീർഘിപ്പിച്ചു നൽകുമെന്ന് തദ്ദേശസ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ അറിയിച്ചു.

കോവിഡ് വ്യാപനത്തെത്തുടർന്ന് സംസ്ഥാനത്ത് നിലവിലിരുന്ന പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കേരള മുനിസിപ്പാലിറ്റി, പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ അനുമതി നൽകിയ നിർമ്മാണ പെർമിറ്റുകളുടെ കാലാവധി 2020 മാർച്ച് 10ന് അവസാനിച്ചിരുന്നു. ജനങ്ങളുടെ ബുദ്ധിമുട്ട് കണക്കിലെടുത്ത് അത് 2021 ഡിസംബർ 31 വരെ നീട്ടി നൽകാൻ സർക്കാർ തയ്യാറായി. ഇപ്പോൾ അത് ജൂൺ മാസം വരെ നീട്ടി നൽകി സർക്കാർ ജനങ്ങൾക്കൊപ്പം നിൽക്കുകയാണെന്ന് മന്ത്രി വ്യക്തമാക്കി.

## പൊതുഹിയറിങ് 19ന്

ആറ്റുകാൽ അപ്രോച്ച് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട സാമൂഹിക പ്രത്യാഘാത പഠനത്തിന്റെ പബ്ലിക് ഹിയറിംഗ് ടോക്കൺ സമ്പ്രദായ പ്രകാരം 19ന് രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 12 വരെ ആറ്റുകാൽ ക്ഷേത്രത്തിന് സമീപം വിശ്രമ സങ്കേതത്തിൽ നടത്തും. പബ്ലിക് ഹിയറിംഗിൽ എല്ലാ ഭൂവുടമകളും ഹാജരാകണമെന്ന് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ അറിയിച്ചു.

## ഐ.പി.ആർ.ഡിയുടെ വിവിധ പ്രോജക്ടുകളിലേക്ക് അപേക്ഷ ക്ഷണിച്ചു

ഇൻഫർമേഷൻ പബ്ളിക് റിലേഷൻസ് വകുപ്പ് മുഖേന നടത്തുന്ന വിവിധ പ്രോജക്ടുകളുടെ വെബ്സൈറ്റുകളുടെയും സോഷ്യൽ മീഡിയ ഹാൻഡിലുകളുടെയും പരിപാലനത്തിന് കരാർ അടിസ്ഥാനത്തിൽ ആറുമാസത്തെ കാലയളവിലേക്ക് പ്രൊഫഷണൽ ജീവനക്കാരെ നിയോഗിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ ഫെബ്രുവരി 28 നകം www.c-ar-e-er-s.c-d-i-t.or-g എന്ന പോർട്ടലിലൂടെ ഓൺലൈനായി സമർപ്പിക്കണം.

## ജില്ലാ വികസന സമിതി യോഗം

കൊല്ലം : ജില്ലാ വികസന സമിതി യോഗം ഫെബ്രുവരി 26 ന് രാവിലെ 11 മണിക്ക് കലക്ടറേറ്റ് വീഡിയോ കോൺഫറൻസ് ഹോളിൽ ചേരും. എല്ലാ ഉദ്യോഗസ്ഥരും പങ്കെടുക്കണമെന്ന് ജില്ലാ പ്ലാനിംഗ് ഓഫീസർ അറിയിച്ചു.

## കോഴ്സുകൾക്ക് അപേക്ഷിക്കാം

കേരള സർക്കാർ സ്ഥാപനമായ കണ്ണൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നേളജിയിൽ മൂന്ന് മാസത്തെ കമ്പ്യൂട്ടർ എയ്ഡഡ് ടെക്സ്റ്റൈൽ ഡിസൈനിംഗ്, കമ്പ്യൂട്ടർ എയ്ഡഡ് ഫാഷൻ ഡിസൈനിംഗ് കോഴ്സുകൾ ആരംഭിക്കുന്നു. ഫാഷൻ ടെക്നോളജിയിലും, ടെക്സ്റ്റൈൽസ് ടെക്നോളജിയിലും, ഡിഗ്രി/ഡിപ്ലോമ കഴിഞ്ഞവർക്കും സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഫാഷൻ ആൻഡ് ടെക്സ്റ്റൈൽസ് ഉള്ളവർക്കും കോഴ്സിന് അപേക്ഷിക്കാം. പ്രായപരിധി 35 വയസ്സ്. അപേക്ഷഫോമും കോഴ്സ് ഗൈഡും ഠഠഠ.ശശവസേമിീൗ.മര.ശി ൽ ലഭിക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി 28. അപേക്ഷകൾ എക്സിക്യൂട്ടീവ് ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജി-കണ്ണൂർ പി.ഒ. കിഴുന്ന, തോട്ടട, കണ്ണൂർ-7 എന്ന വിലാസത്തിൽ ലഭിക്കണം. ഫോൺ: 0497-2835390,

## യു.ജി.സി നെറ്റ് പരിശീലനം

കൊല്ലം : വടക്കഞ്ചേരി കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ പി.ജിയ്ക്ക് പഠിക്കുന്നവർക്കും പി.ജി കഴിഞ്ഞവർക്കുമായി യു.ജി.സി നെറ്റ് ഹ്യുമാനിറ്റിസ് പേപ്പർ ഒന്ന്, കോമേഴ്സ് പേപ്പർ രണ്ട് എന്നിവയുടെ പരിശീലന ക്ലാസ്സുകൾ ഈ മാസം 21 മുതൽ ആരംഭിക്കും. വിശദ വിവരങ്ങൾക്ക് ഫോൺ :9495069307, 8547005042, 8547233700.

## താത്ക്കാലിക നിയമനം

സർവെയും ഭൂരേഖയും വകുപ്പിൽ ഡിജിറ്റൽ സർവെ മിഷൻ സ്റ്റേറ്റ് ലെവൽ പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റിൽ (ടജങഡ) വിവിധ തസ്തികകളിൽ താത്ക്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്കാണ് നിയമനം. ജി.ഐ.എസ് എക്സ്പെർട്ട് 1, ഐ.ടി മാനേജർ 1, പ്രോജക്ട് മാനേജ്മന്റ് കൺസൾട്ടന്റ് 1 എന്നിങ്ങനെയാണ് ഒഴിവ്. യോഗ്യത, പ്രായപരിധി, അപേക്ഷിക്കേണ്ട വിധം തുടങ്ങിയ വിവരങ്ങൾക്ക് www.d-slr.k-er-a-l-a.gov.in വെബ്സൈറ്റ് സന്ദർശിക്കുക. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: ഫെബ്രുവരി 18.



തൈക്കാട് മോഡൽ എൽ. പി. എസിലെ വിദ്യാർത്ഥികൾക്കൊപ്പം മന്ത്രി വി. ശിവൻകുട്ടി

## ഐ.പി.ആർ.ഡിയുടെ വിവിധ പ്രോജക്ടുകളിലേക്ക് അപേക്ഷ ക്ഷണിച്ചു

ഇൻഫർമേഷൻ പബ്ളിക് റിലേഷൻസ് വകുപ്പ് മുഖേന നടത്തുന്ന വിവിധ പ്രോജക്ടുകളുടെ വെബ്സൈറ്റുകളുടെയും സോഷ്യൽ മീഡിയ ഹാൻഡിലുകളുടെയും പരിപാലനത്തിന് കരാർ അടിസ്ഥാനത്തിൽ ആറുമാസത്തെ കാലയളവിലേക്ക് പ്രൊഫഷണൽ ജീവനക്കാരെ നിയോഗിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ ഫെബ്രുവരി 28 നകം www.c-ar-e-er-s.c-d-i-t.or-g എന്ന പോർട്ടലിലൂടെ ഓൺലൈനായി സമർപ്പിക്കണം. വിഭാഗങ്ങൾ, യോഗ്യത, പ്രവൃത്തിപരിചയം തുടങ്ങിയ വിശദാംശങ്ങൾ www.c-ar-e-er-s.c-d-i-t.or-g യിൽ ലഭ്യമാണ്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.